LIGHTED TO LIGHTEN

# ഭദ്രാസന ധ്വനി

റാന്നി-നിലയ്ക്കൽ ഭദ്രാസന ത്രൈമാസിക

2020 ജൂലൈ – സെപ്റ്റംബർ



## നിയോഗ ശുശ്രൂഷ

# സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനാഭിഷേക ശുശ്രൂഷ











ചർച്ച് ആൻഡ് ദി ന്യൂ നോർമൽ – പുസ്തക പ്രകാശനം




അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിക്ക്
നവതി ആശംസകൾ

**വികാരി ജനറാളായി അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച വെരി റവ. സ്കറിയ എബ്രഹാം അച്ചന് ഹൃദയപൂർവ്വമായ നന്ദി...**



## ആദരാഞ്ജലികൾ



**ശ്രീമതി മറിയാമ്മ (100)**
(റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പായുടെ മാതാവ്)

# ഭദ്രാസന ധ്വനി

റാന്നി-നിലയ്ക്കൽ ഭദ്രാസന ത്രൈമാസിക


LIGHTED TO LIGHTEN

# ഉള്ളടക്കം


എഡിറ്റോറിയൽ ബോർഡ്

- ചെയർമാൻ :

റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ
തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ

- മാനേജിംഗ് എഡിറ്റർ :

റവ. പി. എ. ഏബ്രഹാം

- ചീഫ് എഡിറ്റർ :

റവ. ഷോജി വർഗ്ഗീസ്
+91 9446076746

- എഡിറ്റേഴ്സ് :

റവ. അലക്സാണ്ടർ വർഗ്ഗീസ്
ശ്രീ. എം.ജെ.ഏബ്രഹാം
ശ്രീ. മാനസ് രാജു
ശ്രീ. ഏ.റ്റി. ജോൺ
ശ്രീ. വിൻസൻ തോമസ്
ശ്രീ. ഫിലിപ്പ് ജോർജ്ജ് അഞ്ചാനി
ശ്രീമതി അന്നമ്മ തോമസ്



- വിലാസം:

മാനേജർ, ഭദ്രാസന ധ്വനി,
റ്റി. എം. എ. എം. മാർത്തോമ്മാ സെന്റർ
മന്ദിരം പി.ഒ., റാന്നി 689 672
ഫോൺ: 04735 - 227487
bhadrasanadhwani@gmail.com



2 സന്ദേശം

4 ഭദ്രാസന സെക്രട്ടറിയിൽ നിന്നും

6 എഡിറ്റോറിയൽ

8 ക്രിസ്തുദർശന തികവിൽ മാനവികതയുടെ മഹിതാചാര്യനായി...
റവ. പി. എ. ഏബ്രഹാം

11 നിയോഗത്തിന്റെ നാനാർത്ഥങ്ങൾ:
ഡോ. ജ്യോതി മറിയം ജോസ്

14 മാർ തിയഡോഷ്യസ് : സാമൂഹിക ദർശന ഔന്നത്യമുള്ള സഭാപിതാവ്
റവ. ഡോ.കെ.ശലോമോൻ

16 ശിമോൻ പത്രോസ്: ദൈവരാജ്യത്തിലേക്ക് മനുഷ്യനെ പിടിക്കുന്നവൻ
ജോമോൻ ജോസഫ്

18 ഫിലിപ്പ്യർക്ക് എഴുതിയ ലേഖനം
അഭിഷേക് ഡാൻ ഉമ്മൻ

20 പുസ്തക ആസ്വാദനം
റവ. ഡോ.മോത്തി വർക്കി

22 വാർത്തകളും അറിയിപ്പുകളും

24 Kids' Corner



ദ്വൈവാർഷിക വരിസംഖ്യ : 100/- രൂപ

Cover Design & Page layout:
J.J.Graphic, Plankamon
Tel : 0469 2775662, 2773070
jjgraphicpress@gmail.com


CONTENTS

# ഭദ്രാസന അദ്ധ്യക്ഷന്റെ സന്ദേശം



കർത്താവിൽ പ്രിയരേ,

റാന്നി-നിലയ്ക്കൽ ഭദ്രാസന ത്രൈമാസികയായ ഭദ്രാസന ധ്വനിയുടെ 2020 ജൂലൈ-സെപ്റ്റംബർ ലക്കത്തിലേക്ക് ഒരു സന്ദേശം നൽകുവാനിടയാകുന്നതിൽ സന്തോഷിക്കുന്നു. ജൂൺ 8-ാം തീയതിയാണ് റാന്നി ഭദ്രാസനകേന്ദ്രമായ റ്റി.എം.എ. എം.മാർത്തോമ്മാ സെന്ററിൽ വന്ന് താമസമായത്. മുംബെയിൽ നിന്നുമാണ് ഞാൻ വന്നത് എന്നതിനാൽ കേരളത്തിൽ വന്നതിനു ശേഷം 28 ദിവസങ്ങൾ ക്വാറന്റീനിൽ കഴിയുന്നത് ആവശ്യമായിരുന്നു. വായിക്കുന്നതിനും, എഴുതുന്നതിനും ആ ദിവസങ്ങളിൽ സമയം ലഭിച്ചതിനാൽ പല സമയത്തായി എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് സി.എസ്സ്.എസ്സി.ന്റെ സഹായത്തോടെ 'ചർച്ച് ആൻട് ദി ന്യൂനോർമൽ' എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി.

നമ്മുടെ ഭദ്രാസനത്തിൽ ദീർഘമായ 17 വർഷങ്ങൾ ഭദ്രാസന അദ്ധ്യക്ഷനായിരുന്ന ശേഷമാണ് അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ 2018 ൽ കാലം ചെയ്തത്. തിരുമേനിയുടെ ദീർഘകാല ശുശ്രൂഷകൾ ഈ ഭദ്രാസനത്തിന്റെ നാനോന്മുഖമായ വളർച്ചയുടെ കാലഘട്ടമായിരുന്നു. അതിനെത്തുടർന്ന് നമ്മുടെ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി തന്റെ സഭാതലത്തിലുള്ള ഭാരിച്ച ഔദ്യോഗിക ചുമതലകളോടൊപ്പം ഈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായും ചുമതലയേറ്റ് നമുക്ക് നേതൃത്വം നൽകി. മൂന്ന് വർഷത്തോളം വരുന്ന ആ കാലഘട്ടത്തിൽ വെരി റവ.സ്കറിയാ ഏബ്രഹാം ഈ ഭദ്രാസനത്തെ ഓദ്യോഗികമായി ശുശ്രൂഷിക്കുകയുണ്ടായി. മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ ആരംഭിച്ചതും വിഭാവന ചെയ്തതുമായ പ്രോഗ്രാമും, പ്രോജക്ടുകളും പൂർത്തീകരിക്കുന്നതിനായി ഈ കാലഘട്ടം വിനിയോഗിക്കപ്പെട്ടു. 2018 ലെ മഹാപ്രളയത്തിനുശേഷം റ്റി.എം.ഏ.എം. മാർത്തോമ്മാ സെന്ററിന്റെ കേടുപാടുകൾ നീക്കുകയും, പുതിയ ഭദ്രാസനാദ്ധ്യക്ഷന് താമസിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സഹായകരമായ രീതിയിൽ സെന്ററിനെ പുനരുദ്ധരിക്കുകയും ചെയ്തു.

2020 ജൂലൈ മാസം ഒന്നാം തീയതി മുതൽ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ഞാൻ ചുമതലകളിലേക്ക് പ്രവേശിച്ചപ്പോൾ മെത്രാപ്പോലീത്താ തിരുമേനിയും, വികാരി ജനറാൾ അച്ചനും സന്നിഹിതരായി. ഭദ്രാസന കൗൺസിൽ യോഗം ജൂലൈ 8-ാം തീയതി നമ്മുടെ കെ.ഓ.ഏ.എം.ഹാളിൽ കൂടുകയും 2019-20 കാലഘട്ടത്തിലെ വാർഷിക റിപ്പോർട്ട്, വരവു-ചെലവു കണക്ക്, പുതിയ വർഷത്തെ ബഡ്ജറ്റ് എന്നിവ കേട്ട് ചർച്ചകൾക്കു ശേഷം അവ പാസ്സാക്കുകയും ചെയ്തു. അടുത്ത ഭദ്രാസന അസംബ്ലി കൂടുന്നതുവരെ ഇപ്പോഴത്തെ ഭദ്രാസന കൗൺസിൽ അംഗങ്ങൾ തൽസ്ഥാനത്ത് തുടരുന്നതാണ് എന്ന് പ്രസ്താവിക്കുകയും, പുതിയ ക്വാർട്ടറിലെ (ഏപ്രിൽ-മെയ്-ജൂൺ മാസങ്ങൾ) കണക്കുകൾ കേൾക്കുകയും ചെയ്തു. ഇപ്രകാരം ഭദ്രാസന കൗൺസിൽ കൂടുന്നതിനും, കണക്കുകൾ കേൾക്കുന്നതിനും വേണ്ടി അക്ഷീണം പരിശ്രമിച്ച ഭദ്രാസന സെക്രട്ടറി ബഹു.പി.ഏ.ഏബ്രഹാം അച്ചനേയും, ട്രഷറാർ ശ്രീ.സജി മുക്കരണത്തിനെയും, ഭദ്രാസന ആഫീസ് സ്റ്റാഫ് അംഗങ്ങളേയും ഞാൻ ശ്ലാഘിക്കുന്നു. അതിനുവേണ്ടി സഹകരിച്ച ഭദ്രാസന കൗൺസിൽ അംഗങ്ങൾ, സ്ഥാപനങ്ങ

ളുടെ ചുമതലക്കാർ, വിവിധ പ്രോഗ്രാമുകളുടെ നടത്തിപ്പുകാർ, കണക്ക് ഓഡിറ്റ് ചെയ്ത് സഹായിച്ചവർ ആദിയായവരെ അനുമോദിക്കുന്നു. നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏവരെയും സർവ്വശക്തനായ ദൈവം അനുഗ്രഹിച്ച് ആശീർവ്വദിക്കട്ടെ.

ഭദ്രാസന ശുശ്രൂഷകളിലേക്ക് പ്രവേശിച്ചതിനുശേഷം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഭദ്രാസനത്തിൽ ഇപ്പോൾ സജീവ സേവനത്തിലിരിക്കുന്ന പട്ടക്കാരെ ഭദ്രാസന സെന്ററിൽ വരുത്തി കാണുകയുണ്ടായി. ഓരോ സെന്ററിലെയും പട്ടക്കാരെ വെവ്വേറെയാണ് ക്ലേർജി മീറ്റിംഗായി കാണുന്നതിനും പരിചയപ്പെടുന്നതിനും ഇടയായത്. ഈ കഴിഞ്ഞ ജൂൺ മാസം 15-ാം തീയതി ഈ ഭദ്രാസനത്തിൽ നിന്നും മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലംമാറിപ്പോയ പട്ടക്കാരും കുടുംബാംഗങ്ങളുമുണ്ട്. അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. പുതുതായി ഈ ഭദ്രാസനത്തിലേക്ക് വന്നുചേർന്ന പട്ടക്കാരെയും, കുടുംബാംഗങ്ങളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. പട്ടക്കാരും ഇടവകാംഗങ്ങളും ചേർന്നാണ് ഇടവകകളിലും, പ്രാദേശിക തലത്തിലുമുള്ള നമ്മുടെ സഭാ ശുശ്രൂഷകളും ദൗത്യങ്ങളും കാലികവും സംഗതവുമായി നിർവ്വഹിക്കേണ്ടത്. ആയതിന് ആവശ്യമായ കൃപ, സഭാനാഥനായ കർത്താവ് ഏവർക്കും നൽകി അനുഗ്രഹിക്കട്ടെ.

തുടർന്നുള്ള നാളുകളിൽ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന സുവിശേഷകരെയും, വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലകൾ വഹിക്കുന്നവരെയും, കമ്മറ്റിയംഗങ്ങളെയും ഭദ്രാസന കേന്ദ്രത്തിൽ വച്ച് ഓരോ ദിവസമായി കാണുകയുണ്ടായി. തദവസരത്തിൽ വിവിധ സ്ഥാപനങ്ങളുടെ മൂന്നു മാസത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് കേൾക്കുന്നതിനും, ബഡ്ജറ്റ് കാണുന്നതിനും ഇടയായത് വളരെ സഹായകരമായി. ഏവരുടെയും വിലയേറിയ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ സഭയിൽ, ഏറ്റവും കൂടുതൽ സജീവസേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാരുള്ള ഭദ്രാസനമാണ് ഇത്. പ്രിയപ്പെട്ട അച്ചന്മാരെ ഓരോ സെന്ററിലുള്ള പള്ളിയിൽ വച്ച് കാണുന്നതിനും ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അവസരം ലഭിച്ചു. സജീവ സേവനത്തിൽ നിന്നും വിരമിച്ച രണ്ട് വികാരി ജനറാളന്മാർ നമ്മുടെ ഭദ്രാസനത്തിലുണ്ട്. അവർ ആരോഗ്യമുള്ളവരായി ഇരിക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

എനിക്ക് ഇപ്പോൾ ഈ ഭദ്രാസനത്തിന്റെയും, മുംബൈ ഭദ്രാസനത്തിന്റെയും ചുമതലകൾ സഭ നൽകിയിട്ടുണ്ട്. റാന്നിയിൽ താമസിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനാൽ മുംബൈ ഭദ്രാസനത്തിലെ കാര്യങ്ങൾ സൂം ആപ്ലിക്കേഷനിലൂടെ കഴിവതും നിർവ്വഹിക്കുന്നു. ഇനിയുള്ള കാലഘട്ടത്തിൽ വെർച്ച്വൽ മീഡിയാ ഉപയോഗിക്കുവാൻ എല്ലാവരും പഠിക്കണം. നമ്മുടെ ഭദ്രാസനത്തിൽ യുവജനസഖ്യം, സേവികാസംഘം, സന്നദ്ധസുവിശേഷകസംഘം എന്നീ സംഘടനകളുടെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം സൂം ഉപയോഗിച്ച് നടത്തുകയുണ്ടായി. പല ഇടവകകളും പരസ്യാരാധന ശുശ്രൂഷ, പ്രാർത്ഥനാകൂട്ടങ്ങൾ, സംഘടനകളുടെ മീറ്റിംഗുകൾ, കമ്മറ്റികൾ ഇവ അപ്രകാരം ചെയ്യുന്നതായി അറിയുന്നതിൽ സന്തോഷിക്കുകയും, ഏവരെയും അനുമോദിക്കുകയും ചെയ്യുന്നു. നമ്മുടെ ഭദ്രാസനത്തിലെ അബുദാബി മാർത്തോമ്മാ ഇടവക, ഹോംലാൻഡ് ഫെലോഷിപ്പ് എന്നിവയുമായി അപ്രകാരം ബന്ധപ്പെടുവാനിടയായി.

2020 ജൂലൈ 12 നാണ് നമ്മുടെ മെത്രാപ്പോലീത്താ തിരുമേനി എന്നെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ ആയി അംഗീകരിച്ച് ശുശ്രൂഷ നടത്തി അനുഗ്രഹിച്ചത്. പുതിയ ചുമതലകളിലേക്കും, ഉത്തരവാദിത്തങ്ങളിലേക്കും ദൈവം നിയോഗിക്കുമ്പോൾ ദൈവകൃപ നൽകി എന്നെ ശക്തീകരിക്കുകയും, പരിശുദ്ധാത്മാവിൽ വഴി നടത്തുകയും ചെയ്യുന്നു. ഇതാണ് എന്റെ അനുഭവം. ഏവരുടെയും നിരന്തരമായ പ്രാർത്ഥന ആവശ്യമാണെന്നറിയിക്കട്ടെ. ഞായറാഴ്ചതോറുമുള്ള വി.കുർബ്ബാന ശുശ്രൂഷ പൂലാത്തീനിൽ വച്ചും, റാന്നിയിൽ വച്ചും ഇപ്പോൾ നടക്കുകയും അത് ലൈവായി എല്ലാവർക്കും കണ്ട് പങ്കെടുക്കുവാൻ തക്കവണ്ണം തത്സമയം പ്രക്ഷേ

പണം നടത്തുകയും ചെയ്തുവരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ അപ്രകാരം അതിൽ പങ്കെടുക്കുന്നു എന്നത് പ്രോത്സാഹജനകമാണ്. ഗൾഫ് മേഖലയിലും മറ്റും പ്രവർത്തിക്കുന്നവരെ ഉദ്ദേശിച്ച് വെള്ളിയാഴ്ച തോറും രാവിലെയുള്ള വി.കുർബ്ബാന ശുശ്രൂഷ വിവിധ ഭദ്രാസന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ക്രമമായി നടന്നുവരുന്നു. സഭാ തലത്തിലുള്ള ഏതാനും ശുശ്രൂഷകൾ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്.

റാന്നിയിൽ താമസം ആരംഭിച്ച സമയം മുതൽ ഭദ്രാസന കൗൺസിലിനെ പ്രതിനിധീകരിച്ചും, പൗരാവലിയെ പ്രതിനിധീകരിച്ചും സ്വീകരണവും അനുമോദനവും ലഭിക്കുന്നുണ്ട്. ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാം തീയതി പതാക ഉയർത്തൽ ഭദ്രാസനകേന്ദ്രത്തിൽ നടന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സമ്പർക്കത്തിലൂടെ രോഗം പടരാതിരിക്കാനുള്ള ഗാർഡ്, ഈ ഭദ്രാസന അതിർത്തിയിലുള്ള ഓട്ടോറിക്ഷാകൾക്ക് വച്ച് കൊടുക്കുന്നതിൽ ഭദ്രാസന യുവജനസഖ്യം ഉത്സാഹപൂർവ്വം പ്രവർത്തിച്ചു. ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട കെ.വി.കെ.യുമായി ബന്ധപ്പെട്ട് ഒരു വികസന സെമിനാർ നമ്മുടെ കെ.ഓ.ഏ. എം.ഹാളിൽ നടന്നു. അയിരൂരിലുള്ള ഹോളിസ്റ്റിക് സെന്ററുമായി ബന്ധപ്പെട്ട് റാന്നി മന്ദിരം ജംഗ്ഷനിലും, പള്ളിപ്പടിയിലുമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ഓണക്കിറ്റും, പായസവും വിതരണം ചെയ്തു. ഓണദിവസം മലയാലപ്പുഴ നവജീവകേന്ദ്രത്തിൽ ഉള്ളവരുമായി കൂട്ടായ്മ പങ്കിട്ടു.

സ്വാമി വിദ്യാനന്ദപുരിയുടെ നേതൃത്വത്തിൽ ജനക നന്ദിനി കർഷക ഗ്രൂപ്പ് പാലക്കാട് ചാലിശ്ശേരി പഞ്ചായത്തിലെ 100 ഏക്കറിൽ വിളയിച്ചെടുത്ത ജനക നന്ദിനി വിഷരഹിത അരിയുടെ റാന്നി മേഖലയിലെ വിതരണ ഉദ്ഘാടനം സെപ്റ്റംബർ 12-ാം തീയതി നമ്മുടെ ഭദ്രാസന ആസ്ഥാനത്ത് വച്ച് നടന്നു. റാന്നി നിയോജകമണ്ഡലം വികസന സമിതിയുടെ സെമിനാറും, ക്നാനായ മലങ്കര സമൂഹം കോട്ടയം അതിരൂപതയുടെ സഹായ മെത്രാൻ ഫാ.ജോർജ്ജ് കുരിശുംമൂട്ടിലിന് നൽകിയ അനുമോദന സമ്മേളനവും ഉദ്ഘാടനം ചെയ്യുന്നതിനും, നമ്മുടെ ഭദ്രാസനത്തെ പ്രതിനിധീകരിച്ച് അതിൽ പങ്കെടുക്കുന്നതിനും സെപ്റ്റംബർ മാസം ഇടയായി. പത്തനംതിട്ടയിലെ ഈ മലയോരപ്രദേശം ഇന്ന് വികസിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ്. അതിൽ ഭദ്രാസനാംഗങ്ങൾക്ക് അർത്ഥവത്തായി പങ്കെടുക്കുന്നതിനിടയാവുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കാം.

ഈ ലക്കം ഭദ്രാസന ധ്വനിയുടെ പ്രധാന പഠനവിഷയം നിയോഗ ശുശ്രൂഷ എന്നതാണ്. ദൈവം തന്റെ പുത്രനും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്കയച്ചത് ഒരു നിയോഗവുമായിട്ടാണ്. അത് സകല ജനത്തിനുമുള്ള സുവിശേഷമായി (സദ്വാർത്തയായി) തീർന്നു. ഉടയവനായ ദൈവം ഓരോ സൃഷ്ടിയേയും സൃഷ്ടിച്ച് ഉണ്മയിലേക്ക് വരുത്തുന്നത് ഓരോ നിയോഗവുമായിട്ടാണ്. അപ്രകാരമാണ് നാം ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ധ്യാനാത്മകമായ വിശ്വാസ ജീവിതത്തിലൂടെ ദൈവനിയോഗം ആരാഞ്ഞറിഞ്ഞ് അപ്രകാരം ജീവിക്കുന്നതിലൂടെയാണ് ആയുസ്സ് ധന്യമാകുന്നത്. സെന്റ് അഗസ്റ്റിൻ ഇപ്രകാരം പ്രാർത്ഥിച്ചു... “ദൈവമേ നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്റെ ഉദ്ദേശം എന്നിൽ പ്രാവർത്തികമാകുന്നതുവരെ എന്റെ കൊച്ചുഹൃദയത്തിന് സ്വസ്ഥമായിരിപ്പാൻ കഴിയില്ല”. ഇതാകട്ടെ നമ്മുടെ പ്രാർത്ഥനയും! ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

**ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

സെപ്റ്റംബർ 14, 2020
റാന്നി ഭദ്രാസന കേന്ദ്രം

# ഭദ്രാസന സെക്രട്ടറിയിൽ നിന്നും



യേശുക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുവാൻ വിളിച്ചു നിയോഗിക്കപ്പെട്ടവരാണ് നാം. ലോകത്തിൽ ക്രിസ്തുസാന്നിദ്ധ്യത്തിന്റെ വക്താക്കളാകുവാൻ നമുക്ക് കഴിയണം. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവികതയെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനുള്ള ദൈവീക നിയോഗം നമുക്കുള്ളതാണ്. ഈ വിളിയും നിയോഗവും ലഭിച്ചവരെന്ന ബോദ്ധ്യത്തിൽ പ്രവർത്തന നിരതരാകുമ്പോളാണ് സഭ അതിന്റെ ദൗത്യ ശുശ്രൂഷയിൽ തരളിതമാകുന്നത്. അപ്രകാരം സംഗതമായ ശുശ്രൂഷ ചെയ്യുവാൻ എക്കാലത്തും ക്രിസ്തുസഭയ്ക്ക് സാധിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിലും ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ വെളിപ്പെടുത്തുന്ന ശുശ്രൂഷാവഴികളെ കണ്ടെത്തി നിയോഗങ്ങൾക്കായി ആത്മാർപ്പണം ചെയ്യുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

ഭീതിപരത്തുമാറ് കോവിഡ് – 19 വ്യാപനം വർദ്ധിച്ചുവരുന്നു. പകർച്ചവ്യാധിയിൽ നിന്നും ദേശത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കാം. ഈ കാലഘട്ടത്തിൽ നാം മറക്കരുതാത്ത ചിലതുണ്ട്. പകർച്ചവ്യാധിയും ആവർത്തിച്ചെത്തുന്ന പ്രളയവും എല്ലാം നാം ക്ഷണിച്ചു വരുത്തിയ ദുരന്തങ്ങളാണ്. മനുഷ്യൻ പ്രകൃതിയോടു കാണിച്ച ക്രൂരതകളുടെ തിരിച്ചടിയാവാം ഇന്നനുഭവിക്കുന്നത്. ഈ കാലവും നാം അതിജീവിക്കും എന്ന് പ്രത്യാശിക്കാം. അതിനായി ആത്മാർപ്പണം ചെയ്യാം.

2020 ജൂലൈ 1 മുതൽ അഭിവന്ദ്യ ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ് തിരുമേനി റാന്നി-നിലയ്ക്കൽ ഭദ്രാസനാദ്ധ്യക്ഷനായി ചുമതലയേറ്റതിൽ നാം അതിയായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ജൂൺ 8-ാം തീയതി വൈകിട്ട് അഭിവന്ദ്യ തിരുമേനിയും സ്റ്റാഫ് അംഗങ്ങളും റാന്നി അരമനയിൽ എത്തിച്ചേർന്നു. ഭദ്രാസന ചുമതലക്കാരും ഭദ്രാസന ആഫീസ് സ്റ്റാഫും ചേർന്ന് അഭിവന്ദ്യ തിരുമേനിയെ സ്വീകരിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതിനാൽ അഭിവന്ദ്യ തിരുമേനി ക്വാറന്റൈനിൽ പ്രവേശിച്ചു. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം ജൂലൈ ഒന്നു മുതൽ ഭദ്രാസനാദ്ധ്യക്ഷനായി ചുമതലയിൽ പ്രവേശിച്ചു. മുംബൈ ഭദ്രാസനത്തിന്റെ ചുമതലയും തിരുമേനി നിർവഹിക്കുന്നു. ജൂലൈ 12 ന് പുലാത്തീൻ ചാപ്പലിൽ നടന്ന നിയോഗ ശുശ്രൂഷയിലൂടെ സഭയുടെ സഫ്രഗൻ മെത്രാപ്പൊലീത്തയായി നിയോഗിതനായി. കഴിഞ്ഞ 30 സംവത്സരങ്ങൾ വിവിധ ഭദ്രാസനങ്ങളുടെ ചുമതല ഫലകരമായി നിർവ്വഹിക്കുവാൻ ദൈവം കൃപയരുളി. അഭിവന്ദ്യ തിരുമേനിക്ക് പ്രാർത്ഥനാ നിർഭരമായ ആശംസകൾ.

ഭാഗ്യസ്മരണീയനായ ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പൊലീത്താ തിരുമേനി രോഗബാധിതനായതിനെ തുടർന്ന് 2017 ഡിസംബർ 1 മുതൽ അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ തിരുമേനി ഭദ്രാസനത്തിന്റെ നേതൃത്വം ഏറ്റെടുത്തു. 2020 ജൂൺ 30 വരെ ഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിൽ അഭിവന്ദ്യ തിരുമേനി ശ്രേഷ്ഠമായ നേതൃത്വം നൽകിയത് നന്ദിയോടെ സ്മരിക്കുന്നു. അത്താനാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുവാൻ അഭിവന്ദ്യ മെത്രാപ്പൊലീത്താ തിരുമേനി പ്രത്യേകം ശ്രദ്ധിക്കുകയും

നേതൃത്വം നൽകുകയും ചെയ്തു. നവതിയുടെ നിറവിലായിരിക്കുന്ന അഭിവന്ദ്യ മെത്രാപ്പൊലിത്താ തിരുമേനിക്ക് പ്രാർത്ഥനാ നിർഭരമായ ആശംസകൾ വിനയപുരസ്സരം അറിയിക്കുന്നു. നവതി ആഘോഷങ്ങളുടെ ഭാഗമായി ഹോസ്കോട്ടു മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് കോളജിൽ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള, ഈ ഭദ്രാസനത്തിലെ രണ്ട് പെൺകുട്ടികളുടെ പഠന ചെലവ് സ്പോൺസർ ചെയ്യുവാൻ സാധിച്ചു. രണ്ടു കുട്ടികൾക്കും ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് അഡ്മിഷൻ ലഭിച്ചു എന്നത് സന്തോഷകരമത്രെ. കൂടാതെ ന്യൂപാരിഷിലെ ഒരു പെൺകുട്ടിയുടെ വിവാഹ ചെലവുകൾ ഏറ്റെടുക്കുകയും 2020 സെപ്റ്റംബർ 7-ാം തീയതി പെരുവയൽ ബഥേൽ പള്ളിയിൽ ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ വിവാഹം നടത്തപ്പെടുകയും ചെയ്തു. നവതി ആഘോഷത്തിന്റെ ഭാഗമായി രണ്ട് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ക്രമീകരണം ആലോചിച്ചു വരുന്നു.

കോവിഡ് കാലയളവിൽ ലൈറ്റ് റ്റു ലൈഫ് പ്രൊജക്ടുകളിലെ 500 കുട്ടികൾക്കും കൊക്കാത്തോട് പ്രതീക്ഷാ ചൈൽഡ് ഡവലപ്മെന്റ് സെന്ററിലെ 100 കുട്ടികൾക്കും ഭക്ഷണകിറ്റ്, ഓണക്കിറ്റ്, സ്റ്റഡി മെറ്റീരിയൽ എന്നിവ ഭവനങ്ങളിൽ എത്തിച്ചുകൊടുക്കുവാൻ സാധിച്ചു. കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം ഭദ്രാസനാദ്ധ്യക്ഷൻ തിരുമേനി നിർവ്വഹിച്ചു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും ഭദ്രാസനത്തിലെ സജീവ സേവനത്തിലുള്ള പട്ടക്കാരുടെ കൂടി വരവ് സെന്റർ തലത്തിൽ മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ടു. അഭിവന്ദ്യ തിരുമേനി നേതൃത്വം നൽകി. സജീവ സേവനത്തിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന, ഭദ്രാസനത്തിലെ ബഹുമാന്യരായ പട്ടക്കാരെയും കൊച്ചമ്മമാരെയും ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ എത്തി തിരുമേനി സന്ദർശിച്ച് സ്നേഹബന്ധം പുതുക്കുവാൻ സമയം വേർതിരിച്ചത് ഏറെ സന്തോഷകരമായിരുന്നു. ഭദ്രാസന സുവിശേഷകരുടെ കൂടി വരവും മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ടു.

സ്വാതന്ത്ര്യദിനത്തിൽ രാവിലെ അഭിവന്ദ്യ തിരുമേനി മാർത്തോമ്മാ സെന്ററിൽ ദേശീയ പതാക ഉയർത്തി സന്ദേശം നൽകി. തുടർന്ന് ഭദ്രാസന യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ സൗജന്യമായി ആട്ടോറിക്ഷയിൽ കോവിഡ് പ്രൊട്ടക്ഷൻ ഷീൽഡ് സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ നേതൃത്വത്തിലും ഭദ്രാസന വികസന സംഘത്തിന്റെ സഹകരണത്തിലും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വികസന സെമിനാർ നടത്തപ്പെട്ടു. ഭദ്രാസനാദ്ധ്യക്ഷൻ തിരുമേനി നേതൃത്വം നൽകി. തെള്ളിയൂർ കൃഷി വിജ്ഞാനകേന്ദ്രം സൈന്റിസ്റ്റ് ഡോ.സി.പി.റോബർട്ട്, ഡോ.ഷാനാ ഹർഷൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അരമനയ്ക്കു സമീപമുള്ള മന്ദിരംപടി, പള്ളിപടി എന്നിവിടങ്ങളിലെ ആട്ടോ തൊഴിലാളി സഹോദരങ്ങളുമൊരുമിച്ച് ഈ വർഷത്തെ ഓണം ആഘോഷിച്ചത് ഏറെ സന്തോഷകരമായിരുന്നു. അഭിവന്ദ്യ തിരുമേനി സന്ദേശം നൽകി. പങ്കെടുത്ത എല്ലാവർക്കും ഓണകിറ്റ് നൽകി. ഇതിന് സാമ്പത്തിക സഹായം നൽകിയ ഭദ്രാസന സേവികാസംഘം, യുവജനസഖ്യം പ്രവർത്തകരോടും ക്രമീകരണങ്ങളിൽ സഹായിച്ച റവ.വി.എസ്.സ്കറിയ, റവ. ബിജോയ് എം.ജോൺ എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.

കോവിഡ് 19 എന്ന മഹാമാരിക്കു മുമ്പിൽ ലോകം പകച്ചു നിൽക്കുന്നു. ആശങ്കകളും വെല്ലുവിളികളും അനേകം. ബലഹീനർക്ക് കരുതൽ കൊടുക്കുവാൻ വിമുഖത കാട്ടുന്ന ലോകത്തിൽ നമ്മുടെ നിയോഗം അശരണർക്ക് കരുതൽ നൽകി ക്രിസ്തു സാന്നിദ്ധ്യം വെളിപ്പെടുത്തുക എന്നതാണ്. പരിമിതികളുടെ മധ്യത്തിൽ അപരിമേയനായ ദൈവത്തിൽ ആശ്രയം പുതുക്കി നമുക്ക് മുന്നേറാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**റവ.പി.എ.ഏബ്രഹാം**
*(ഭദ്രാസന സെക്രട്ടറി)*

എഡിറ്റോറിയൽ



# ആ നിയോഗിതൻ നീയല്ലാതെ ആരാണ് ?

**ആം**ബുലൻസിന്റെ വെളുപ്പും ചുവപ്പും രക്ഷിക്കാനോടുന്ന നിയോഗിതന്റെ നിറമാണു തെളിയിക്കുന്നത്, മനസ്സിൽ. എന്നിട്ടും അത് ചതിവിന്റെ ഇരുണ്ട നിറമായി മാറിയതാണു കോവിഡുകാലത്തിന്റെ വർത്തമാനം. സ്വജീവനെ മറന്നും അപരന്റെ ജീവനുവേണ്ടി ഓടിനടന്ന നൂറുകണക്കിനു ശുശ്രൂഷകരുടെ മുഖമാണു കുനിഞ്ഞു പോയത്.

കോവിഡിനു മുൻപിൽ ഏകയായി, ഭീതിയിൽ പകച്ചു നിന്ന ഒരു പെൺകുട്ടിക്ക് വൈദികനും ഭാര്യയും കരുതലിന്റെ സുവിശേഷമായി തീർന്നെന്ന പത്രവാർത്ത നിയോഗങ്ങളുടെ നാനാർത്ഥത്തെ തെളിയിക്കുന്നതായിരുന്നു. കുടുംബാംഗങ്ങളെല്ലാം രോഗികളായി ആശുപത്രിവാസത്തിനു പോകേണ്ടി വരികയും അടുത്ത കുടുംബാംഗങ്ങൾ കോവിഡ് നിരീക്ഷണത്തിൽ ആകുകയും ചെയ്തതോടെ സ്വന്തം ഭവനത്തിൽ ഒറ്റപ്പെട്ടു പോയൊരാൾക്കാണു ഇടയാറന്മുള മാർത്തോമ്മാ ഇടവകയിലെ വൈദികന്റെ കുടുംബം ക്രിസ്തുമുഖമായ് തീർന്നത്.

സൗഖ്യം അധികാരികളുടെ പ്രവർത്തന മികവുമാത്രമായി നിർവചിക്കപ്പെടുന്ന ഒരു കാലയളവിൽ രോഗബാധിതർക്കും ഭയവിഹ്വലരായവർക്കും തനിച്ചായവർക്കും ഉപജീവനക്രമങ്ങൾ നഷ്ടമായവർക്കും വിശ്വാസം ചോർന്നുപോകുന്നവർക്കും മുമ്പിൽ നാം നിയോഗിക്കപ്പെട്ടിരിക്കുന്നു. കാത്തിരിപ്പുകാരനാകാനും കാവലാളാകാനും നമുക്ക് നിയോഗമുണ്ട്. കാവൽക്കാരുടെ കൈകളിൽപെട്ട ആളുടെ ചിരിമുഖം കിണറുകളിൽ ചീർത്തു പൊന്തുമ്പോൾ ആ വിശ്വാസം തകർക്കപ്പെടും. ചിറകു കരിഞ്ഞ സ്വപ്നങ്ങളുമായി സ്വന്തം നാട്ടിൽ കിതച്ചെത്തുന്ന പ്രവാസിയുടെ മുമ്പിൽ നാടും വീടും വാതിലടക്കുമ്പോൾ തീപിടിച്ചുപോകും മനസ്സിന്. അവരെ ചേർത്തു പിടിക്കാനൊരു കരം... അതാണു നിയോഗശുശ്രൂഷ.

അടഞ്ഞ ദൈവാലയങ്ങളിലും കാക്കിയുടെ കാവലിൽ തുറക്കപ്പെട്ട ദൈവാലയങ്ങളിലും ചൊല്ലിതീർക്കപ്പെടേണ്ടതല്ല നിയോഗ ശുശ്രൂഷ. പകരം, നിണമൊഴുകും തെരുക്കളിൽ, നിരാശപൊന്തുന്ന അതിർകളിൽ, അവസാനത്തെ അത്താഴവും കഴിഞ്ഞുപോകുന്നവരുടെ മുൻപിൽ, ആശങ്കപ്പെട്ട യുവത്വത്തിനു മുമ്പിൽ, സ്വത്വം തിരിച്ചറിയാതെ പോകുന്നവർക്കിടയിൽ, ഏകാന്തതയുടെ വാർദ്ധക്യത്തിന്നരികിൽ, നിലവിളി പോലും നിശ്ശബ്ദമാക്കപ്പെട്ടവരുടെ മുമ്പിൽ നിയോഗിതരാകുക...

ആ നിയോഗിതൻ നീയല്ലാതെ ആരാണ്?

**റവ. ഷോജി വർഗ്ഗീസ്**
*(ചീഫ് എഡിറ്റർ)*



# ക്രിസ്തുദർശന തികവിൽ മാനവികതയുടെ മഹിതാചാര്യനായി...

**മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായിരിക്കുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, നവതിയിലേക്കെത്തുമ്പോൾ ഈ സഭയിലെ ഓരോ ഹൃദയവും നൽകുന്ന ആശംസകളുടെ സ്പന്ദനങ്ങൾ പകർന്നു വയ്ക്കുകയാണ് ഭദ്രാസന സെക്രട്ടറി ദിവ്യശ്രീ പി. എ. ഏബ്രഹാം കശ്ശീശാ.**

ദൈവത്തിന്റെ ലോകത്തിൽ ദൈവിക ശുശ്രൂഷയുടെ അമരക്കാരനായി സഭയ്ക്ക് ലഭിച്ച സമ്മാനമാണ് അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി. ചരിത്രത്തിന്റെ ഗതിവിഗതികളിൽ അതിന്റെ നന്മകളെയും സാധ്യതകളെയും തിരിച്ചറിഞ്ഞ്, ദൈവീക ആലോചനയോടു കൂടി രണ്ടു നൂറ്റാണ്ടുകളിൽ സഭയ്ക്ക് നവചൈതന്യം പകർന്ന്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലങ്കരയുടെ ഇരുപത്തിയൊന്നാമത് മെത്രാപ്പോലീത്തയായി ഈ സഭയെ നയിക്കുന്ന അനുഗ്രഹമാണ് അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി. മുൻഗാമിയായ, ഭാരതത്തിന്റെ അഭിമാനമായ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി വിശേഷിപ്പിച്ചത് പോലെ 'ജോസഫ് മാർത്തോമ്മാ തിരുമേനി പാരമ്പര്യത്തിൽ ധന്യനും, സ്വയാർജിത കഴിവുകളിൽ ധനാഢ്യനും, ബന്ധങ്ങളിൽ നിപുണനും, നിർമ്മാണപ്രവർത്തനങ്ങളിൽ കർമ്മകുശലനും, നേതൃത്വത്തിൽ അനുഗ്രഹീതനുമാണ്' എന്നത് അക്ഷരംപ്രതി നിസ്തർക്കമാണ്. ആറ് പതിറ്റാണ്ടുകൾ ഈ സഭയിൽ ശുശ്രൂഷക്കാരനായി, നാല് പതിറ്റാണ്ടിലധികമായി മേൽപട്ടക്കാരനായി, ഒരു പതിറ്റാണ്ടിലധികം മലങ്കരയുടെ അമരക്കാരനായി നവതിയുടെ നിറവിൽ നവോന്മേഷത്തോടെ ഈ സഭയെ നയിക്കുന്ന അഭിവന്ദ്യ ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമേനിക്ക് ഭാവുകങ്ങൾ... പ്രഗത്ഭ ബംഗാളി ചിന്തകനായ കേശവ ചന്ദ്ര സെന്നിന്റെ ' നസ്രായനായ യേശുവിന്റെ മുഖത്ത് ദൈവത്തിന്റെ മനുഷ്യമുഖം കാണുവാൻ സാധിക്കുന്നു' എന്ന അഭിപ്രായത്തെ അന്വർഥമാക്കി യേശുക്രിസ്തുവിന്റെ മനുഷ്യമുഖം ലോകത്തിന് വെളിപ്പെടുത്തുവാൻ കഴിയുമ്പോഴാണ് നാം ക്രിസ്തുവിന്റെ സാക്ഷികളായി മാറുന്നത് എന്ന് ആഹ്വാനം ചെയ്യുന്ന അഭിവന്ദ്യ തിരുമേനി ക്രിസ്തു ദർശനത്തിലൂടെ മാനവികതയുടെ മഹത്വം ഘോഷിക്കുവാൻ സാധിച്ച മഹിതാചാര്യനാണ് .

**പമ്പയുടെ മടിത്തട്ടിൽ നിന്ന് പുണ്യ പ്രവാഹമായ്...**

നദികൾ ജീവസുറ്റ പ്രവാഹങ്ങൾ ആണ്. പുണ്യനദിയായ പമ്പയുടെ മടിത്തട്ടിൽ ഉറങ്ങുന്ന മാരാമണ്ണിലെ പാലക്കുന്ന് തറവാട്ടിൽനിന്ന് നന്മകളുടെ പ്രവാഹമായ്, ജീവന്റെ തുടിപ്പായി നിലകൊണ്ട സവിശേഷ വ്യക്തിത്വം ആണ് അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ. പമ്പയുടെ നദീതടങ്ങളിൽ ജീവിതം ഉറപ്പിച്ച് കെട്ടുപണി ചെയ്ത ജനതയുടെ ജീവിത രീതികളും സാംസ്കാരിക സവിശേഷതകളും അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷകളിൽ നമുക്ക് ദർശിക്കാം. ഫലസമൃദ്ധമായ നദീതടങ്ങളെ നദികൾ സമ്മാനിക്കുന്നത് പോലെ അഭിവന്ദ്യ തിരുമേനിയും തന്റെ ജീവിത കൈവഴികളിലൂടെ ഒഴുകിപ്പോയ ഇടങ്ങളെ ഒക്കെ സമൃദ്ധവും നന്മയുടെ വിളഭൂമിയും ആക്കിയ പുണ്യ പ്രവാഹമാണ്. അത് സാധാരണക്കാരുടെ മുതൽ സമസ്ത ജനതകളുടെയും ദുഃഖവും സന്തോഷവും ഹൃദയത്തിലേറ്റി അവരോടൊപ്പം നിന്ന് കർമ്മകുശലനായി പ്രവർത്തിക്കുവാൻ തിരുമേനിക്ക് എപ്പോഴും സാധിച്ചിട്ടുണ്ട്. തന്റെ യൗവ്വനത്തിൽ പുഴയിലൂടെ ഒഴുകിയെത്തിയ കുട്ടിയെ മറ്റൊന്നും നോക്കാതെ കോരിയെടുക്കുവാൻ കാട്ടിയ ആത്മധൈര്യം അപരന്റെ ജീവിതത്തെ സമൃദ്ധമാക്കുന്ന നന്മയുടെ സവിശേഷതയാണ്. അപ്രകാരം കോരിയെടുത്ത ആൾ പിന്നീട് തന്നോടൊപ്പം ഈ സഭാ ശുശ്രൂഷയിൽ നിലകൊള്ളുമ്പോൾ അനുഭവിക്കുന്ന ആത്മനിർവൃതി ദൈവിക രക്ഷാപദ്ധതിയുടെ തുടർ പ്രവർത്തനം തന്നെയാണ്. അപ്രകാരം എത്രയോ ജീവിതങ്ങൾക്ക് കരുത്തും കരുതലുമാകുവാൻ തിരുമേനിക്ക് സാധിച്ചു. നന്മയുടെ നിലയ്ക്കാത്ത പുണ്യ പ്രവാഹമായി വറ്റാത്ത പുഴ പോലെ ഇക്കാലമൊക്കെയും നിലകൊള്ളുവാൻ തിരുമേനിക്ക് സാധിച്ചു.

**നവീകരണത്തിന്റെ കളിത്തട്ടിൽ നിന്ന് കാലഘട്ടത്തിന്റെ സ്പന്ദനമായ്...**

മാരാമൺ പാലക്കുന്നത്ത് തറവാട് മാർത്തോമ്മാ സഭയിലെ നവീകരണത്തിന്റെ കളിത്തട്ടാണ്. നവീകരണത്തിന്റെ പിതാവായ അബ്രഹാം മല്പാന്റെയും നാല് മെത്രാപ്പോലീത്താന്മാ

രുടെയും ജന്മഗൃഹമായ മാരാമൺ പാലക്കുന്നത്ത് കുടുംബത്തിൽ 1931 ജൂൺ 27ാം തീയതി ജനിച്ച തിരുമേനി ഈ കാലഘട്ടത്തിന് ആ പാരമ്പര്യത്തിൽ നിന്ന് ലഭിച്ച സമ്മാനമാണ്. ജനനം മുതൽ തന്നെ ഈ സഭയുടെ അന്തസത്തയും ആത്മാവും പൂർണമായി ഉൾക്കൊള്ളാൻ തിരുമേനിക്ക് സാധിച്ചു. അഭിവന്ദ്യ തീത്തൂസ് രണ്ടാമൻ മെത്രാപ്പോലീത്തായുടെ ജ്യേഷ്ഠസഹോദര പൗത്രനായ അഭിവന്ദ്യ തിരുമേനിക്ക് ബാല്യകാലത്ത് തന്നെ തിരുമേനിയോടൊപ്പം പൂലാത്തീനിൽ പാർക്കുവാനും ശുശ്രൂഷിക്കുവാനും സാധിച്ചു. ആ ഇടത്തു തന്നെ ഈ സഭയുടെ അമരക്കാരനായി മാർത്തോമ്മാമെത്രാപ്പോലീത്തയായി പാർക്കുവാൻ തിരുമേനിക്ക് ഭാഗ്യം ലഭിച്ചു. വളരെ കുഞ്ഞുനാൾ മുതൽ ഈ സഭയെനേരിട്ട് അറിയുവാനും അതിന്റെ നേതൃത്വത്തിൽ എത്തിയപ്പോൾ അതിന്റെ ആത്മാവും ദർശനവും നഷ്ടപ്പെട്ടുപോകാതെ ഈ സഭയെ നയിക്കുവാനും തിരുമേനിക്ക് സാധിച്ചു. ഒപ്പം ഓരോ കാലഘട്ടത്തിലെയും സ്പന്ദനങ്ങളെ മനസ്സിലാക്കി ഈ സഭയെ ഒരു ആഗോള സഭയായി വളർത്തുവാനും അതിന്റെ സമസ്തമേഖലകളെയും സജീവമാക്കാനും അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിക്ക് സാധിച്ചു എന്നതിൽ തർക്കമില്ല.

**പച്ചയായ മനുഷ്യജീവിതത്തിന്റെ ഉൾതുടിപ്പുകൾ**

പമ്പാനദിക്കരയിൽ ജനിച്ചുവളർന്ന്, പമ്പയുടെ ഇരുകരകളിലേക്കും നീന്തിത്തുടിച്ച്, മണ്ണിനോടും മരങ്ങളോടും ഇഴുകിച്ചേർന്ന്, ദൈവിക സൃഷ്ടിയിലെ ജൈവവൈവിധ്യങ്ങളുടെ സൗന്ദര്യം ആസ്വദിച്ച് ജീവിതം നയിക്കുന്ന ഒരു വ്യക്തിയാണ് അഭിവന്ദ്യ തിരുമേനി. ഒരു കർഷകന്റെ ആത്മസത്ത എപ്പോഴും തിരുമേനിയിൽ തുടിക്കുന്നുണ്ട്. മാർത്തോമാ മെത്രാപ്പോലീത്തയായി പ്രവർത്തിക്കുമ്പോഴും ഒരു സാധാരണ മനുഷ്യ ജീവിതം നയിക്കുവാൻ ബദ്ധശ്രദ്ധനാണ് തിരുമേനി. കപ്പയും കാച്ചിലും പുഴുക്കും ആറ്റു മീനും കായൽ മത്സ്യങ്ങളും എല്ലാം ആസ്വദിച്ചു ഭക്ഷിക്കുന്ന ഭക്ഷണക്രമവും ഉള്ളുതുറന്ന് വർത്തമാനം പറയുന്ന ജീവിതശൈലിയും വികാരങ്ങളുടെ അനസ്യൂതമായ പ്രകടന ആവിഷ്കാരങ്ങളും എല്ലാം തിരുമേനിയുടെ വ്യക്തിത്വത്തോട് ചാലിച്ച് ചേർത്തിരിക്കുന്നു. അപരന്റെ കണ്ണുനീരും മാനസികസംഘർഷങ്ങളും തിരിച്ചറിയാൻ തിരുമേനിക്ക് ഒരു പ്രത്യേക കഴിവുണ്ട്. പ്രകടനങ്ങൾ ഒന്നുമില്ലാതെ - താൻ എങ്ങനെയാണോ അപ്രകാരം എല്ലാവരുടെയും മുമ്പിൽ നിൽക്കുവാൻ തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. തന്റെ വേരുകൾ ആഴത്തിൽ ഊന്നി ദൈവം സൃഷ്ടിച്ച ജീവിതക്രമങ്ങൾ ആസ്വദിച്ച് നിൽക്കുമ്പോഴും ഏവരോടും ഒരു പച്ചയായ മനുഷ്യനായി പ്രവർത്തിക്കുവാൻ തിരുമേനിക്ക് എക്കാലവും സാധിക്കുന്നു.

**കാറ്റിലും കോളിലും ദൈവിക നന്മകൾ രുചിച്ചറിഞ്ഞ്.....**

തന്റെ പൈതൃക വഴികളിൽ ഈ സഭയെ ശുശ്രൂഷിച്ച ആചാര്യ ശ്രേഷ്ഠരുടെ പിന്നടിയിൽ ഈ സഭാ നൗകയെ നയിക്കാൻ ലഭിച്ച സംവത്സരങ്ങൾ ദൈവിക നന്മകൾ തിരിച്ചറിയുവാൻ ലഭിച്ച ഭാഗ്യാവസരമായി തിരുമേനി എപ്പോഴും കണ്ടു. മാർത്തോമാ സഭയുടെ അകത്തളങ്ങളിൽ വളർന്ന തിരുമേനിക്ക് അതിന്റെ എല്ലാ സംഘർഷങ്ങളും നന്മതിന്മകളും തിരിച്ചറിയുവാൻ സാധിച്ചിട്ടുണ്ട്. ഒരിക്കൽ ഡോക്ടർ എബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി, 'പഠനം കഴിഞ്ഞു ജീവിത രംഗം തിരഞ്ഞെടുക്കുമ്പോൾ ദൈവത്തോട് ആലോചന ചെയ്തു വേണം തിരഞ്ഞെടുക്കുവാൻ' എന്ന് ഉപദേശിച്ചു. ആ ഉപദേശം ശിരസാ വഹിച്ച ദൈവീക ആലോചനയിലൂടെയുള്ള വഴിത്താരകളാണ് തിരുമേനിയെ ശുശ്രൂഷാവഴിയിലേക്ക് നയിച്ചത്. 1957 ജൂൺ 29 ാം തീയതി ശെമ്മാശനായും ഒക്ടോബർ 18 ാം തീയതി കശ്ശീശായായും പട്ടം സ്വീകരിച്ചു. ഈ ശുശ്രൂഷ വഴികളിൽ ആറ് പതിറ്റാണ്ടുകളിൽ അധികം ദൈവീക ആലോചന പ്രകാരം യാത്ര ചെയ്യുവാൻ തിരുമേനിക്ക് സാധിച്ചു. 1975 ജൂൺ പതിനൊന്നാം തീയതി റമ്പാനായും ഫെബ്രുവരി എട്ടാം തീയതി എപ്പിസ്കോപ്പായായും സ്ഥാനാഭിഷിക്തനായി. ഈ സഭയുടെ ഇടയശ്രേഷ്ഠനായി നാല് പതിറ്റാണ്ടുകൾ ശുശ്രൂഷ ചെയ്യുവാൻ തിരുമേനിയെ ദൈവം ശക്തീകരിച്ചു. ഒരു എപ്പിസ്കോപ്പയായി ശുശ്രുഷാസരണിയിലേക്ക് ഇറങ്ങിയപ്പോൾ അഭിവന്ദ്യ യൂഹാനോൻ മെത്രാപ്പോലീത്തയിൽ നിന്നും തിരുമേനിക്ക് ലഭിച്ച കുറിപ്പ് 'ഭ്രാന്ത് പിടിക്കുന്ന ജീവിത സാഹചര്യങ്ങളിലേക്ക് ഇറങ്ങാൻ തയ്യാറായി കൊള്ളുക. കാറ്റിലും കോളിലും അന്തരീക്ഷം മുഖരിതമായിരിക്കും. എങ്കിലും ഒരിടത്ത് ഉറച്ചു നിന്ന്ദൈവം നല്ലവൻ എന്നു രുചിച്ചറിഞ്ഞു മുന്നോട്ട് പോവുക' എന്നതായിയുന്നു. ഈ ഉപദേശം തിരുമേനിയുടെ ശുശ്രുഷയെ എക്കാലത്തും ശക്തവും സുന്ദരവുമാക്കി. എടുക്കുന്ന നിലപാടുകളിൽ ഉറച്ചു നിന്നു, ഏത് സംഘർഷഭരിതമായ സാഹചര്യങ്ങളെയും സമചിത്തതയോടെ നേരിട്ട്, അടിയുറച്ച ദൈവീക വിശ്വാസത്തിൽ മുന്നേറുവാനുള്ള തിരുമേനിയുടെ നേതൃപാടവം പ്രശംസനീയമാണ്. ഈ സഭയുടെ മെത്രാപ്പോലീത്താ

എന്ന നിലയിലും ശക്തമായ നിലപാടുകളിലൂടെ വ്യക്തമായ ദീർഘവീക്ഷണത്തോടെ സഭയെ നയിക്കുവാൻ തിരുമേനിക്ക് സാധിക്കുന്നു. കാറ്റിലും കോളിലും പതറാതെ ഈ സഭയെ നയിച്ച് ദൈവീക നന്മകളെ സകലർക്കും ചൊരിയുവാൻ തിരുമേനിയുടെ പ്രവർത്തനങ്ങൾ മുഖാന്തരമാകുന്നു.

**സാർവത്രിക ദർശനത്തിന്റെ എക്യുമെനിക്കൽ ശബ്ദമായ് ...**

'ഞാൻ പഠിച്ചിരുന്ന കുടിപ്പള്ളിക്കൂടത്തിൽ ഹൈന്ദവരും ക്രൈസ്തവരും എല്ലാമുണ്ടായിരുന്നു. അവിടെ ജാതിയില്ല മതമില്ല ഏക സഹോദര്യം മാത്രം പ്രതിഫലിച്ചു'. തിരുമേനിയുടെ വാക്കുകൾ ആണിത്. തിരുമേനിയുടെ ബാല്യത്തിൽ തന്നെ ലഭിച്ച ഈ സാർവത്രിക സഹോദര്യ ദർശനം തിരുമേനിയുടെ ശുശ്രൂഷാസരണിയെ ഉടനീളം സ്വാധീനിച്ചു. തിരുമേനിയുടെ ദർശനങ്ങളെ രൂപപ്പെടുത്തുന്നതിൽ ജീവിതത്തിലെ ഈ ഇഴുകിചേരലുകൾക്ക് വലിയ സ്വാധീനമുണ്ട്. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ സമന്വയത്തിന്റെ ഉൾച്ചേരലുകൾ തിരുമേനിയുടെ ജീവിതത്തിൽ നമുക്ക് ദർശിക്കാം. സഭാ സഭേതര മേഖലകളിലെല്ലാം തന്റെ പ്രവർത്തന സരണികളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഈ ദർശനം മുഖാന്തരമായി. അത് തിരുമേനിയെ കാലത്തിന്റെയും ദേശത്തിന്റെയും അംഗീകരിക്കപ്പെട്ട നേതൃത്വമാക്കി മാറ്റി. സഭൈക്യ പ്രസ്ഥാനങ്ങളുടേയും വിവിധ ഗോത്രങ്ങളുടെയും സമൂഹങ്ങളുടെയും ഒക്കെ അനുരഞ്ജന മുന്നേറ്റങ്ങളുടെയും പ്രശ്നപരിഹാരത്തിന്റെയും ചുക്കാൻ പിടിക്കുവാൻ തിരുമേനിയെ ശക്തമാക്കിയത് ഈ ദർശന സാഫല്യം ആണ്

**മനസ്സിലെ റാണിയായി എന്നെന്നും റാന്നി...**

റാന്നി എന്നും തിരുമേനിയുടെ മനസ്സിലെ റാണിയാണ്. പമ്പാ നദിയുടെ തീരത്തുള്ള റാന്നിയോട് തിരുമേനിക്കെന്നും പ്രത്യേക അടുപ്പമാണ്. ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് ഈ മണ്ണിലൂടെ നടന്ന് സുവിശേഷത്തിന്റെ വിത്തുകൾ വിതച്ച തിരുമേനിയുടെ പ്രഥമ ശുശ്രൂഷാ മേഖലയാണ് റാന്നി. വളരെ വിശാലമായ ഭൂമി ശാസ്ത്ര മേഖലയിൽ ഒൻപത് ഇടവകകളുടെ വികാരിയായി ശുശ്രൂഷ ചെയ്യുവാൻ തിരുമേനിക്ക് സാധിച്ചു. ഈ നടന്ന വഴികളിൽ ഒക്കെയും ആത്മബന്ധത്തിന്റെ ഇഴയടുപ്പം നെയ്തെടുക്കാൻ തിരുമേനിക്ക് കഴിഞ്ഞു. ഇന്നും പേരെടുത്തു വിളിക്കുവാൻ സാധിക്കുന്ന മനുഷ്യബന്ധങ്ങൾ, പറയുവാൻ കഴിയുന്ന സംഭവപരമ്പരകൾ ഒക്കെ തിരുമേനിക്ക് ഈ മണ്ണിൽ ഉണ്ട്. ദീർഘ വർഷങ്ങൾ പിന്നീട് റാന്നിയിൽ ഔദ്യോഗിക ശുശ്രൂഷ ചെയ്തില്ലെങ്കിലും സഭയുടെ മെത്രാപ്പോലീത്തയായി വന്നപ്പോൾ മുതൽ തിരുമേനിയുടെ ഒരു പ്രത്യേക പരിലാളന ഈ മണ്ണിന് ഉണ്ട്. അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയുടെ ശാരീരിക പ്രതിസന്ധികളും വേർപാടും ഈ ഭദ്രാസനത്തെ അനാഥമാക്കിയ നിർണായക നിമിഷങ്ങളിൽ ഒക്കെ ഈ നാടിനോടുള്ള സ്നേഹം അനാവൃതമാകുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ അഭിവന്ദ്യ തിരുമേനിക്ക് സാധിച്ചു. അത്താനാസ്യോസ് തിരുമേനി സ്വപ്നംകണ്ട പല പദ്ധതികളും പൂർത്തീകരിക്കുവാൻ ഭദ്രാസന അധ്യക്ഷ സ്ഥാനത്തുള്ള പ്രവർത്തനങ്ങളിലൂടെ സാധിച്ചു. പ്രത്യേകാൽ ഇട്ടിയപ്പാറ കൺവൻഷൻ സെന്ററിലെ ആഡിറ്റോറിയം, ആങ്ങമൂഴി മാർത്തോമ്മാ റിന്യൂവൽ സെന്റർ, കലഹാണ്ടി സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ദൈവം തിരുമേനിയെ ശക്തനാക്കി. വിശാഖപട്ടണത്തിൽ നിന്നും ട്രെയിനിൽ യാത്ര ചെയ്ത് കലഹാണ്ടി സ്കൂൾ കെട്ടിടത്തിന്റെ കൂദാശയ്ക്ക് എത്തി മിഷൻ സെന്ററിൽ മൂന്ന് ദിവസം പാർത്തതും വിശുദ്ധ കുർബാന അനുഷ്ഠിച്ചതുമൊക്കെ ചരിത്രത്തിലേ അവിസ്മരണീയമായ സംഭവങ്ങളാണ്. ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്ത് തിരുമേനി ഈ ഭദ്രാസനത്തിനു നൽകിയ നേതൃത്വം എക്കാലത്തും സ്മരിക്കപ്പെടും. റാന്നി എന്നും തിരുമേനിയുടെ മനസ്സിൽ തികവോടെയും റാന്നിക്കാരുടെ മനസ്സിൽ തിരുമേനി നിറവോടെയും സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞു.

**ഉപസംഹാരം**

കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാനുള്ള ദൈവദത്തമായ കഴിവ് ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്ക് എന്നുമുണ്ട്. അത് ദൈവീക സൃഷ്ടിയായ മനുഷ്യനോടും ഈ മണ്ണിനോടും ചേർന്ന് വിലയിരുത്തുവാനും വ്യക്തമാക്കാനും എക്കാലത്തും തിരുമേനിക്ക് സാധിച്ചിട്ടുണ്ട്. ദൈവത്തിന്റെ മനുഷ്യമുഖം ഉള്ളിൽ പേറി ജീവിക്കുമ്പോൾ ലഭിക്കുന്ന വിശാല ദർശനം എപ്പോഴും തിരുമേനിയിൽ പ്രതിഫലിച്ചിരുന്നു. ആ തികവിലേക്കു സകല മനുഷ്യരെയും എത്തിക്കുവാൻ നിരന്തരം ശ്രമിക്കുന്ന ആചാര്യനായി നിലകൊള്ളുവാൻ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിക്ക് എക്കാലവും സാധിച്ചു. അത് തിരുമേനിയെ മാനവികതയുടെ മഹിതാചാര്യനായി ഉയർത്തിയിരിക്കുന്നു. അത് സമ്മാനിച്ചത് തിരുമേനിയുടെ ക്രിസ്തു ദർശനത്തിന്റെ തികവാണ്.

അനുഭവം

# നിയോഗത്തിന്റെ നാനാർത്ഥങ്ങൾ: കോവിഡ് കാല ശുശ്രൂഷാ അനുഭവങ്ങൾ



**കുഞ്ഞു വൈറസുകളുടെ മുമ്പിൽ വിറങ്ങലിച്ചു നിന്ന ലോകത്തിനു മുമ്പിൽ മാലാഖമാരുടെ വേഷത്തിലെത്തിയ മനുഷ്യരുടെ നിയോഗങ്ങളെ പകർന്നുതരികയാണ് ആന്ധ്രാ മെഡിക്കൽ കോളേജിലെ ബിരുദാനന്തര വിദ്യാർത്ഥിയായ ഡോ. ജ്യോതി മറിയം ജോസ്...**

**ലോ**കം മുഴുവൻ പകച്ചു നിൽക്കുന്ന ഒരു പ്രതിസന്ധിയാണ് കോവിഡ് - 19. ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം ഒരു ചെറു വൈറസിന്റെ മുൻപിൽ ഉത്തരമില്ലാതെ വലയുകയാണ്. രോഗവ്യാപന സാദ്ധ്യത കൂടുതലായതും ഫലപ്രദമായ മരുന്നോ, വാക്സിനോ കണ്ടുപിടിക്കാത്തതുമാണ് ഈ രോഗത്തിന്റെ പ്രധാന വെല്ലുവിളി. മനുഷ്യന് തന്റേതായ പരിമിതികളുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് കൊവിഡ്-19. പല വികസിത രാജ്യങ്ങളുടെയും മുട്ടുവിറപ്പിച്ച ഒരു രോഗം എന്നുള്ളതുകൊണ്ട് ഇന്ത്യയെപ്പോലെയുള്ള രാജ്യത്ത് പരിമിതമായ സൗകര്യങ്ങളുപയോഗിച്ച് ഇതിനെ എങ്ങനെ നേരിടും എന്നത് എല്ലാവരിലും ആശങ്കയുണർത്തിയിരുന്നു. ഈ നാളുകളിൽ ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുവാനുള്ള നിയോഗമാണ് എനിക്കും ലഭിച്ചത്. ഒരു കോവിഡ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തക എന്ന നിലയിൽ എന്റെ മുന്നിലും ധാരാളം ചോദ്യചിഹ്നങ്ങളുണ്ടായിരുന്നു. കോവിഡ്-19 എന്നത് ഒരു നൂതന രോഗമാണ് എന്നുള്ളതാണ് പ്രധാന പ്രശ്നം. ഈ അസുഖത്തെപ്പറ്റിയും ചികിത്സകളെപ്പറ്റിയും പഠനങ്ങളും ഗവേഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നതെയുള്ളു. സങ്കീർണ്ണമായ രോഗമുള്ളവർക്ക് എന്തു ചികിത്സ നൽകും എന്ന ആശയക്കുഴപ്പം ആദ്യകാലങ്ങളിൽ ഏറെയായിരുന്നു.

ആന്ധ്രാ മെഡിക്കൽ കോളജിന്റെ ശ്വാസകോശ രോഗവിഭാഗം പൂർണ്ണമായി കൊവിഡ് രോഗികൾക്കു വേണ്ടി മാത്രം വേർതിരിക്കപ്പെട്ടു. 8 മാസം മുതൽ 98 വയസ്സു വരെ പല പ്രായത്തിലുള്ള രോഗികളെയും ഈ കാലത്തിനിടയ്ക്ക് ശുശ്രൂഷിക്കാനിടയായി. കൊവിഡിനെക്കുറിച്ച് പുതിയ പഠനങ്ങളും ഗവേഷണങ്ങളും നടക്കുന്നതുകൊണ്ട് ഓരോ ദിവസം കഴിയുംതോറും കൂടുതൽ അറിവുകൾ വന്നുകൊണ്ടിരിക്കുന്നു. അതിനനുസരിച്ച് ലഭ്യമായ എല്ലാ പുതിയ ചികിത്സാ രീതികളും നൽകാൻ ഈ ആശുപത്രിയിലും ശ്രമിക്കുന്നുണ്ട്. ഇന്ത്യയിൽ നിർമ്മിക്കുന്ന കോവാക്സിൻ എന്ന വാക്സിന്റെ പരീക്ഷണത്തിലും ആന്ധ്രാ മെഡിക്കൽ കോളജ് ഭാഗമാണ്. ശുചീകരണ തൊഴിലാളികൾ മുതൽ നഴ്സുമാർ, ഡോക്ടർമാർ, പോലീസ്, സന്നദ്ധ പ്രവർത്തകർ എന്നിവരെല്ലാം ഉൾപ്പെട്ട ഒരു കൂട്ടായ പ്രവർത്തനമാണ് കൊവിഡിനെതിരെ നടക്കുന്നത്.

കോവിഡ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ആരോഗ്യപ്രവർത്തക എന്ന നിലയിൽ ശാരീരികമായും മാനസികമായും ധാരാളം സമ്മർദ്ദങ്ങൾ ഞാനും നേരിട്ടിട്ടുണ്ട്.വിശാഖപട്ടണം ജില്ലയിൽ മാത്രം ദിവസംപ്രതി ആയിരത്തോളം പുതിയ ആളുകളാണ് കൊവിഡ് രോഗികളാകുന്നത്. അതിനനുസരിച്ച് സങ്കീർണ്ണമായ രോഗമുള്ളവരുടെ എണ്ണവും കൂടും. ലഭ്യമായ വെന്റിലേറ്റർ സൗകര്യങ്ങൾ രോഗികൾക്ക് നൽകി കഴിയുമ്പോളാകും പുതിയ ഒരു രോഗിക്ക് വെന്റിലേറ്റർ ആവശ്യമായി വരിക. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ചിലപ്പോൾ നിസ്സഹായതയോടെ നോക്കി നിൽക്കേണ്ടി വന്നിണ്ടുണ്ട്. ഈ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി സർക്കാർ കൂടുതൽ വെന്റിലേറ്ററുകൾ ഇപ്പോൾ ആശുപത്രിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചികിത്സയുടെ ഭാഗമായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്താലും മരണത്തിലേക്ക് നീങ്ങുന്ന രോഗികളെയും കാണേണ്ടി വരാറുണ്ട്. ചില സമയത്തൊക്കെ വെന്റിലേറ്റർ ആവശ്യമുള്ള രോഗികൾക്ക് അവ കൊടുക്കാനാവാതെ നിസ്സഹായതയോടെ നിൽക്കേണ്ടി വന്നിട്ടുണ്ട്. പി.പി.ഇ.

എന്ന ചട്ടക്കൂടിനുള്ളിൽ നിന്ന് മണിക്കൂറുകളോളം ജോലി ചെയ്യേണ്ടതായി വരുമ്പോൾ അത് ഉള വാക്കുന്ന ശാരീരികവും മാനസികവുമായ വൈഷ മ്യങ്ങളുമുണ്ട്. ദാഹജലം പോലും കുടിക്കാനാ വാതെ മണിക്കൂറുകളോളം ജോലി ചെയ്യേണ്ടി വരും. പ്രിയപ്പെട്ടവരിൽ നിന്നു പോലും അകലം പാലിക്കേണ്ടി വരുന്നതിന്റെ സംഘർഷം വേറെയും. ഈ കാലയളവിൽ ചില സഹപ്രവർത്തകർക്ക് കൊവിഡ് രോഗം സ്ഥിരീകരിക്കുകയുണ്ടായി. കൂടെ ജോലി ചെയ്യുന്നവർക്കും കോവിഡ് രോഗം സ്ഥിരീകരിക്കുമ്പോൾ സമ്മർദ്ദം ഏറെയാണ്. എനിക്ക് രോഗം വന്നാലുള്ള അവസ്ഥയെക്കാളും ഭയം ജനിപ്പിച്ചത് എന്നിലൂടെ എന്റെ വീട്ടുകാർ ക്കോ മറ്റുള്ളവർക്കോ രോഗം വന്നേക്കാമോ എന്ന ചിന്തയാണ്. ബിരുദാനന്തര ബിരുദ പഠന ത്തിനു വേണ്ടിയാണ് ഈ ആശുപത്രിയിൽ ചേർന്നതെങ്കിലും, അനിശ്ചിതമായി നീളുന്ന ഈ രോഗത്തിനു മുൻപിൽ വിദ്യാഭ്യാസം എന്താകും എന്നത് മറ്റൊരു ചോദ്യം.

ഈ സമയത്തും ചെറിയ ചില സന്തോഷ ങ്ങളും ഉണ്ട്. രോഗികളുടെയും സഹപ്രവർത്ത കരുടെയും ഭാഗത്തു നിന്ന് ലഭിക്കുന്ന സ്നേഹം വലുതാണ്. രോഗം ഭേദമായി രോഗികൾ ആശുപ ത്രി വിടുമ്പോൾ ആരോഗ്യപ്രവർത്തകർക്ക് സന്തോഷമാണ്. പ്രത്യേകിച്ച്, ഗുരുതരമായ രോഗം ബാധിച്ച് വെന്റിലേറ്ററിന്റെ സഹായം വേണ്ടി വന്ന രോഗികൾ പതുക്കെ വെന്റിലേറ്ററില്ലാതെ ആരോഗ്യത്തോടെ ശ്വസിക്കുന്നതു കാണുമ്പോഴും സങ്കീർണ്ണമായ രോഗംബാധിച്ചവർ സുഖംപ്രാ പിച്ച് വീടുകളിലേക്ക് തിരിച്ചുപോകുമ്പോഴും ആ സന്തോഷത്തിന് മാധുര്യമേറും.

കുറെ ചോദ്യങ്ങൾക്ക് ശാസ്ത്രം ഉത്തരം തന്നേക്കാം. പ്രതീക്ഷയുണർത്തുന്ന ധാരാളം ചികിത്സാരീതികൾ ലോകം പരീക്ഷിച്ചു തുടങ്ങി. കൂടുതൽ വെന്റിലേറ്റർ സൗകര്യങ്ങൾ സജ്ജമാ ക്കാൻ ഗവണ്മെന്റുകൾക്കും സാധിച്ചു. രോഗം ഭേദമായവരുടെ രക്തത്തിൽ നിന്ന് വേർതിരി ച്ചെടുക്കുന്ന പ്ലാസ്മയിൽ രോഗപ്രതിരോധശേഷി യുള്ള ആന്റിബോഡികളുണ്ട്. ഇത് ഉപയോഗി ച്ചുള്ള പ്ലാസ്മ തെറാപ്പിയും ഇപ്പോൾ ലഭ്യമാണ്. കോവിഡിനെതിരെയുള്ള വാക്സിനുകളും പരീ ക്ഷണഘട്ടത്തിലാണ്. ഭാവിയിൽ കോവിഡ് ചികിത്സയിൽ വൻ പുരോഗതി ഉണ്ടാകും എന്ന പ്രതീക്ഷയ്ക്കു വകയുണ്ട്. നാലു മാസങ്ങൾക്കു മുൻപ് നൽകിയിരുന്ന ചികിത്സയല്ല ഇന്ന് നൽ കുന്നത്. നാളെ ഇനിയും പുരോഗതിയുണ്ടാകും. വാക്സിൻ വഴി രോഗം തുടച്ചു നീക്കാനും സാധി ച്ചേക്കാം. അതിനാൽ രോഗം തടയാനുള്ള ജാഗ്രത ഒരു ഘട്ടത്തിലും വെടിയരുത്.

ശാസ്ത്രത്തിന്റെ തണലിൽ അഭയം പ്രാപി ച്ചാൽ രോഗം വരാതെ തടയാനും ചികിത്സിക്കാനു മൊക്കെ ഒരു പരിധിവരെ സാധിച്ചേക്കാം. എന്നാൽ, ഒരു ക്രിസ്തീയ വിശ്വാസി എന്ന നിലയിൽ ഈ വൈഷമ്യകരമായ സാഹചര്യത്തെ അഭിമുഖീ കരിക്കാനാണ് എനിക്ക് ഏറെ ഇഷ്ടം. ''ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ട ങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായി രിക്കുന്നു'' (സങ്കീ.46:1) എന്ന് സങ്കീർത്തനക്കാര നോട് ചേർന്ന് പറയാൻ സാധിക്കണം. പരീക്ഷ ണങ്ങൾ ഒന്നിനു പുറകെ ഒന്നായി വന്ന ഇയ്യോ ബിന്റെ ജീവിതത്തിലുള്ള ഉറപ്പ് ഇപ്രകാരമാണ്: ''എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അറി യുന്നു. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നു പോലെ പുറത്തുവരും'' (ഇയ്യോബ് 23:10). ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ജീവിത ത്തിൽ ശോധനകളും പരീക്ഷണങ്ങളും നേ രിടേണ്ടി വന്നാലും, പൊന്ന് തീയിലൂടെ കടന്ന് ശുദ്ധീകരിക്കപ്പെടുന്നതുപോലെ, ദൈവം പ്രതി സന്ധികളെ സാധ്യതകളാക്കി മാറ്റും.

കോവിഡ് -19 രോഗത്തെക്കുറിച്ചുള്ള ഭീതി പലപ്പോഴും രോഗികളും രോഗം സംശയിക്ക പ്പെടുന്നവരും പങ്കുവയ്ക്കാറുണ്ട്. ആകുലചിന്ത കാരണം ഉറക്കംപോലും നഷ്ടപ്പെട്ടവർ അവരി ലുണ്ട്. വിശുദ്ധ വേദപുസ്തകം എന്താണ് നമ്മോട് പറയുന്നത്? മത്തായി 6:27 ''വിചാരിക്കപ്പെടുന്നതി നാൽ തന്റെ നീളത്തോട് ഒരുമുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും?'' ഫിലിപ്യർ 4:6, 7 ''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവ ത്തോട് അറിയിക്കുകയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാ ധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുക ളെയും ക്രിസ്തു യേശുവിങ്കൽ കാക്കും''. ദൈവ സമാധാനമാണ് നമ്മെ ഭയാശങ്കകളില്ലാതെ ഉറങ്ങാൻ സഹായിക്കുന്നത്. മരണത്തെ ജയിച്ച ക്രിസ്തുവാണ് നമ്മോടുകൂടെ ഉള്ളത്. ദാനിയേ ലിനെപ്പോലെ സിംഹക്കുഴിയിലും ശദ്രക്ക്, മേശക്ക്, അബേദ്നഹോ എന്നിവരെ പോലെ തീച്ചൂളയിലും സമാധാനത്തോടെയും ധൈര്യത്തോടെയും നിൽ

ക്കാൻ ഒരു ദൈവപൈതലിനു സാധിക്കും. ആ സമാധാനം പ്രതിസന്ധികളുടെ നടുവിലാണ് അനുഭവവേദ്യമാകുന്നത്.

സ്വന്തം കാര്യം മാത്രം നോക്കാതെ, അപരന്റെ നന്മയെക്കുറിച്ചും കൂടെ ചിന്തിക്കാൻ കോവിഡ്-19 ഓർമിപ്പിക്കുന്നു. 80 ശതമാനത്തോളം ആളുകളിലും ഈ രോഗം കാര്യമായ ലക്ഷണങ്ങൾ ഇല്ലാതെയോ വളരെ ചുരുക്കം ലക്ഷണങ്ങളോടെയോ ആണ് കാണപ്പെടുന്നത്. എന്നാൽ, ബാക്കി 20 ശതമാനം പേരിൽ ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നീങ്ങുന്നു. ഞാൻ മാസ്ക് ധരിച്ചില്ലെങ്കിൽ, ഞാൻ സാമൂഹിക അകലം പാലിച്ചില്ലെങ്കിൽ, ഞാൻ വ്യക്തിശുചിത്വം പാലിച്ചില്ലെങ്കിൽ, ചിലപ്പോൾ എനിക്ക് നിശബ്ദമായി രോഗം വന്നുപോയേക്കാം. പക്ഷെ, സമൂഹത്തിൽ പ്രായമായവരോ മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരോ ആയിരിക്കാം ആ 20 ശതമാനത്തിലേക്ക് തള്ളിവിടപ്പെടുന്നത്. അവിടെയാണ് സർക്കാർ മാനദണ്ഡങ്ങൾ വ്യക്തമായി പാലിക്കേണ്ടതിന്റെ ആവശ്യകത. നമുക്ക് യേശുകർത്താവ് നൽകിയ കൽപനയാണ് ദൈവത്തെ സ്നേഹിക്കുക എന്നതും മനുഷ്യരെ സ്നേഹിക്കുക എന്നതും. ക്രിസ്തു കാണിച്ച സ്നേഹ മാതൃകയാണ് മേൽപറഞ്ഞ കാര്യത്തിലൂടെ നാം പ്രാവർത്തികമാക്കേണ്ടത്.

എനിക്കും എന്റെ പ്രിയപ്പെട്ടവർക്കും വരരുതേ എന്നത് മാത്രമാവരുത് നമ്മുടെ പ്രാർത്ഥന. ഇയ്യോബിന്റെ ജീവിതത്തിൽ ഭൗതികമായ തകർച്ചകൾ വന്നപ്പോൾ ദൈവത്തെ തള്ളിപ്പറയുമോ എന്ന് നോക്കാനാണ് പരീക്ഷകൻ ശ്രമിച്ചത്. സോഷ്യൽ മീഡിയ ഒക്കെ പരിശോധിച്ചാൽ ധാരാളം നിരീശ്വരവാദങ്ങൾ ഈ കാലങ്ങളിൽ ഉയർന്നുവന്നതായി നമുക്ക് കാണാൻ സാധിക്കും. ഒന്നിനെക്കുറിച്ചും ഞാൻ പ്രശംസിക്കുന്നില്ല എന്ന് പറഞ്ഞ പൗലോസ് അപ്പൊസ്തൊലൻ പ്രശംസയുടെ സ്വരത്തിൽ 2 തിമൊഥെയോസ് 4:7-ൽ പറയുന്നത് ഞാൻ വിശ്വാസം കാത്തു എന്നാണ്. ഈ ലോകത്തിൽ ഓട്ടം ഓടുന്നതിനിടയ്ക്ക് നമ്മുടെ വിശ്വാസം നഷ്ടമാവരുത്. യൂദ.1:3-ൽ പറയുന്നതുപോലെ വിശ്വാസത്തിനു വേണ്ടിയുള്ള പോരാട്ടത്തിലാണ് നാം. നാം സൃഷ്ടിക്കുന്ന പ്രതിരോധങ്ങളെല്ലാം ഭേദിച്ച് നമുക്ക് കോവിഡ് രോഗം വന്നേക്കാം. നാളെ ഒരുപക്ഷെ നമ്മുടെ സാഹചര്യങ്ങൾ മാറിയേക്കാം. ഈ രോഗം ചിലപ്പോൾ ലോകത്തിൽ നിന്ന് അപ്രത്യക്ഷമായേക്കാം. പക്ഷെ ശാരീരികമായി നമുക്ക് എന്ത് സംഭവിച്ചാലും നമ്മുടെ വിശ്വാസത്തിനു കൈമോശം വന്നുകൂടാ.

തങ്ങളോ, ബന്ധുക്കളോ കോവിഡ് പോസിറ്റീവായതുകൊണ്ട് സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപ്പെടുന്നവരുണ്ട്. സമൂഹം ഒറ്റപ്പെടുത്തും എന്ന ഭയം പലർക്കും ഉണ്ട്. പക്ഷെ, അവരോട് സ്നേഹത്തോടെ പെരുമാറാൻ ക്രിസ്തുവിശ്വാസികളായ നമുക്ക് കഴിയണം. സാമൂഹിക അകലം പാലിക്കുക തന്നെ വേണം. എന്നാൽ സോഷ്യൽ ഡിസ്റ്റൻസിംങ്ങ് എന്നത് ഇമോഷണൽ ഡിസ്റ്റൻസിംങ്ങ് ആവരുത്. മൂല്യങ്ങൾ ചോർന്നു പോകുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ നല്ല സാക്ഷികളാകാൻ നമുക്ക് കഴിയണം. പ്രതികൂല കാലഘട്ടങ്ങൾ വരുമ്പോഴാണ് കൂടുതൽ അർത്ഥവത്തായി ക്രിസ്തീയ ശിഷ്യന്മാരാകാൻ നമുക്ക് കഴിയുക.

കോവിഡ് കാലഘട്ടം നമ്മുടെ വിശ്വാസത്തെ ഊട്ടി ഉറപ്പിക്കുന്നതാകണം. രോഗം വരാതിരിക്കാൻ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ നാം ചെയ്യുക. എന്നാൽ, നമ്മുടെ പ്രതിരോധം മാസ്ക് ഉപയോഗിക്കുന്നതോ, സാനിട്ടൈസർ ഉപയോഗിക്കുന്നതോ മാത്രം അല്ല. പ്രാർത്ഥന എന്ന വലിയ പ്രതിരോധം നമുക്കുണ്ട്. ഒരിക്കൽ വാർഡിൽ റൗണ്ട്സ് എടുക്കുന്ന സമയത്ത് ഒരു പ്രായമായ അമ്മ എന്നെ കണ്ടതും എന്റെ കയ്യിൽ മുറുകെ പിടിച്ചു വിതുമ്പാൻ തുടങ്ങി. എന്താണ് കാര്യം എന്ന് അന്വേഷിച്ചപ്പോൾ അവർ പറഞ്ഞത് കൊറോണയാണെന്ന സംശയത്താൽ ഹോസ്പിറ്റലിൽ അഡ്മിറ്റായ അവരെ ബന്ധുക്കൾ അവഗണിക്കുകയാണ് എന്നാണ്. ശാരീരികമായ രോഗത്തെക്കാൾ ചിലപ്പോൾ സൗഖ്യം ലഭിക്കാൻ പ്രയാസം മനസ്സിനേൽക്കുന്ന ഇത്തരം മുറിവുകൾക്കാകാം. മുറിവേറ്റവർ പലർ നമുക്കരികിൽ ഉണ്ടാകാം. നമ്മുടെ ചെറു സ്വാന്തനം മതി അവർക്ക് ജീവിതത്തിലേക്ക് തിരിഞ്ഞു നടക്കാൻ. നമുക്ക് വിദ്യഭ്യാസത്തിനും ശുശ്രൂഷയ്ക്കും ഒക്കെ അവസരം ലഭിച്ചത് അവർക്ക് മുമ്പിൽ ക്രിസ്തുവാകാനാകും. നാം അറിഞ്ഞ നന്മകൾ, മിശിഹയെ നൽമുഖമായി മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള അവസരങ്ങളാണ്. അതിൽ വിശ്വസ്തരാകുക എന്നതാണ് നാം പുലർത്തേണ്ട ധർമ്മം. കോവിഡിനെതിരെ മാനുഷികമായ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കുന്നതിനോടൊപ്പം രക്ഷകനായ ക്രിസ്തുവിൽ ശരണപ്പെടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ഗീവർഗീസ് മാർ തിയഡോഷ്യസ് : സാമൂഹിക ദർശന ഔന്നത്യമുള്ള സഭാ പിതാവ്



**മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിനവ സഫ്രഗൻ മെത്രാപ്പൊലീത്തയും റാന്നി – നിലയ്ക്കൽ ഭദ്രാസന അദ്ധ്യക്ഷനുമായ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ കർമ്മകാണ്ഡം പരിചയപ്പെടുത്തുകയാണ് ദീപം ബാലികാഭവൻ, മലയാലപ്പുഴ നവജീവകേന്ദ്രം, പ്രത്യാശാഭവൻ, ഹാഫ് വേ ഹോം എന്നീ സ്ഥാപനങ്ങളുടെ മുൻഡയറക്ടറും ഇപ്പോൾ മുംബൈ നെരൂൾ ഇമ്മാനുവൽ മാർത്തോമ്മാ ഇടവക വികാരിയുമായ റവ.ഡോ.കെ.ശലോമോൻ**

അഭിവന്ദ്യ ഗീവർഗീസ് മാർ തിയഡോഷ്യസ് തിരുമേനി സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്തായായും റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായും നിയോഗിക്കപ്പെട്ടതിലുള്ള സന്തോഷത്തിൽ പങ്കു ചേരുന്നു. 71-ാം പിറന്നാളും, പട്ടത്വ ശുശ്രൂഷയിൽ 48 വർഷവും മേല്പട്ട സ്ഥാനത്ത് 31 വർഷവും പിന്നിടുന്ന തിരുമേനിക്കും ചുമതലയേൽക്കുന്ന റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിനും പ്രാർത്ഥനാപൂർവ്വമായ ആശംസകൾ അറിയിക്കുന്നു.

സഭയിലും സമൂഹത്തിലുമുള്ള വിവിധ ഇടപഴകലുകളിലൂടെ വിശ്വാസം പ്രാവർത്തികമാക്കുന്നതിൽ ബദ്ധശ്രദ്ധനായ അദ്ദേഹം അറിവും പ്രവൃത്തിയും സമന്വയിപ്പിച്ച വ്യക്തിത്വത്തിനുടമയാണ്. ''യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം.'' ദൈവഭയത്തിൽ ഉൾച്ചേർന്നു ജീവിക്കുന്ന ജ്ഞാനമുള്ള വ്യക്തിത്വം അദ്ദേഹത്തിൽ ദർശിക്കാൻ കഴിയും.

ഹിന്ദു തത്വചിന്തയനുസരിച്ച് മോക്ഷം നേടാൻ നാലു മാർഗ്ഗങ്ങളുണ്ട്. ഭക്തി, കർമ്മം, ജ്ഞാനം, യോഗം. വിശ്വാസത്തിന്റെയും പ്രവൃത്തിയുടെയും സന്തുലിതാവസ്ഥയുടെ ആവശ്യം ക്രിസ്തു വിശ്വാസം ഊന്നിപ്പറയുന്നു. വിശ്വാസത്തിന്റെയും പ്രവൃത്തിയുടെയും സമന്വയം നമുക്കു തിരുമേനിയിൽ കാണാം. ഭക്തിയും കർമ്മവും (വിശ്വാസവും പ്രവൃത്തിയും) അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിക്കുന്നു. സമൂഹത്തെയും അതിന്റെ വ്യത്യസ്ത സാംസ്കാരിക ധാരകളെയും ആഴത്തിൽ മനസ്സിലാക്കാനുള്ള മികച്ച കഴിവുള്ള വ്യക്തിയാണദ്ദേഹം. ആസൂത്രിതവും ക്രമീകൃതവും അച്ചടക്കപൂർണവും വ്യവസ്ഥാനുസൃതമായ ഒരു ഭരണ നിർവ്വഹണ രീതിയാണദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ഒപ്പം സേവനമനുഷ്ഠിക്കുന്ന വൈദികരുമിതു പിന്തുടരണമെന്നാഗ്രഹിക്കുന്നു. ദൈവത്തിന്റെ ഔന്നത്യത്തോട് പൂർണ്ണമായും പ്രതിജ്ഞാബദ്ധനായ അദ്ദേഹത്തിന്റെ ദൗത്യദർശനം ജനപക്ഷം ചേരുന്നതും, നീതിയധിഷ്ഠിതമായുള്ളതും, പാരിസ്ഥിതിക അനുകൂലവുമാണ്. മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റായിരുന്ന അദ്ദേഹത്തിന് 'വികസനം' എന്ന സംജ്ഞയുടെ ശരിയായ അർത്ഥവും വികസന മാതൃകകളും, വികസന വിഷയത്തിൽ സഭയുടെ പങ്കും എന്തെന്ന് നന്നായറിയാമായിരുന്നു. ഗ്രാമസഭകളിൽ വിശ്വാസികളും സമൂഹവും തമ്മിൽ പാലിക്കേണ്ട പരസ്പര ബന്ധത്തെക്കുറിച്ച് അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന ദർശനം അതിന് ഉത്തമ ഉദാഹരണമാണ്.

തിയഡോഷ്യസ് തിരുമേനി നീതിശാസ്ത്രപരമായ കൃത്യതയെ പ്രായോഗിക ജ്ഞാനവുമായി സംയോജിപ്പിക്കുന്നു. 'എന്തു ചെയ്യണം' എന്നതിലുപരി 'എങ്ങനെ ചെയ്യണം' എന്ന അറിവ് ശുശ്രൂഷയുടെ എല്ലാ മേഖലകളിലും വിജയിക്കുന്നതിനു സഹായകമായി. അദ്ദേഹം നല്ല ഒരു ചിന്തകനും, നിരീക്ഷകനും, കഠിനാദ്ധ്വാനിയും, ലാളിത്യവും, ആത്മാർത്ഥതയും, സമഗ്രതയും പുലർത്തുന്ന വ്യക്തിയുമാണ്. സമയബന്ധിതവും സാമ്പത്തിക ദുർവ്യയമില്ലാത്തതും, ഫലപ്രതീക്ഷ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു പ്രവർത്തന പദ്ധതിയുമുള്ള അദ്ദേഹത്തിന്റെ ദൗത്യനിർവഹണത്തിലുള്ള പ്രതിബദ്ധത അചഞ്ചലമാണ്.

സഭാശുശ്രൂഷയിൽ തിരുമേനിയോടൊപ്പം പ്രവർത്തിക്കുവാൻ എനിക്കു ലഭിച്ച ചില അവസരങ്ങൾ ഓർക്കുന്നു. അദ്ദേഹത്തിന്റെ ദൈവശാസ്ത്ര

പഠനവും ഉപജാതി സാമൂഹിക പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണവുമെല്ലാം ചുമതലയിലിരിക്കുന്ന ഭദ്രാസനങ്ങളുടെ സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലം മനസ്സിലാക്കി ക്രിയാത്മകമായി ഇടപെടാൻ സഹായകമായിട്ടുണ്ട്. ഈ ലോകത്ത് ദൈവീക വാഴ്ച പൂവിടുന്നതിന് നല്ല സാമൂഹിക ബന്ധങ്ങൾ ഉണ്ടായിരിക്കണമെന്ന വിശ്വാസ ബോധ്യമാണ് അദ്ദേഹത്തിന്റെ ദർശനവും വികസന തത്വചിന്തയും ഉൾക്കൊള്ളുന്നത്. കാലത്തിന്റെ മാറ്റത്തെ ക്രിയാത്മകമായി ഉൾക്കൊള്ളുന്നതിനുള്ള മനോഭാവമുണ്ട്.സുസ്ഥിരവും ജനപങ്കാളിത്തമുള്ളതുമായ ഒരു വികസന മാതൃക അദ്ദേഹം വിഭാവനം ചെയ്യുന്നു. അതു ജനോപകാരപ്രദവും, ദരിദ്രരുടെ ഉന്നമനം ലക്ഷ്യമിടുന്നതും, ജനാധിപത്യത്തെ പ്രോത്സാഹിപ്പിക്കുന്നതും, പരിസ്ഥിതി അനുകൂലവും ആണ്.

ഭൂരഹിതർക്ക് ഭൂമി, ഭവനരഹിതർക്കു ഭവനം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനുള്ള ഹോം കെയർ, എച്ച്.ഐ.വി/എയ്ഡ്സ് രോഗബാധിതരുടെ പുനരധിവാസത്തിനുള്ള സ്നേഹതീരം പദ്ധതി, തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി, സുനാമി ബാധിതർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രം, ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, കാർഡ് എന്നിവയിലൂടെ നടപ്പാക്കിയ ജൈവകൃഷി, പ്രകൃതിസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മഴവെള്ളസംഭരണം, ജൈവമാലിന്യസംസ്ക്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണവും വിപണനവും, ചെറുകിട വ്യവസായ സഹായ പദ്ധതികൾ എന്നിവക്കു നൽകിയ നേതൃത്വത്തിലൂടെയും ഇടവക, സെന്റർ, ഭദ്രാസന കേന്ദ്രതലത്തിൽ നടപ്പാക്കിയ വികസന സമിതികളുടെ പ്രവർത്തനത്തിലൂടെയും, സഭയോടും സമൂഹത്തോടും പുതിയ ആശയങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛ പ്രകടമാക്കി.

മുംബൈ ഭദ്രാസനത്തിലെ നവജീവൻ, നവോദയ പ്രസ്ഥാനങ്ങളുടെയും നിരവധി മിഷൻ ഫീൽഡുകളുടെ സുസ്ഥിരവും നിലനിൽക്കുന്നതുമായ വളർച്ചക്കു നേതൃത്വം നൽകി. മിഷൻ ഫീൽഡുകളിൽ തദ്ദേശീയരായ ജനങ്ങൾക്ക് അവരുടെ ഭാഷയിൽ ആരാധന നടത്തുന്നതിനായി ആരാധന ക്രമങ്ങൾ ഭാഷാ നവീകരണം നടത്തി.

ജീവിതത്തിന്റെ സമസ്ത മേഖലയിലും ദൈവകൃപയോടെ ഇടപഴകുന്നതിന് തിരുമേനിക്കു സാധിക്കുന്നു. സാമൂഹിക പിന്തുണാ സംവിധാനം വികസിക്കുന്നത് വികസനത്തിന്റെ അടിസ്ഥാനമാണ്. ഈ ദൃശ്യപ്രവർത്തനങ്ങളിലൂടെ തുടർന്നും ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ ക്രൂശിന്റെ പാതയിൽ സഞ്ചരിക്കുവാനും നേതൃത്വം നൽകാനും തുടർന്നും ദൈവം സഹായിക്കട്ടെ.

**അറിവ്**

## പന്ത്രണ്ടാം മാർത്തോമ്മാ – ദിവന്നാസ്യോസ് IV [1825–1852]

പള്ളിക്കര പള്ളിയിൽ ചേർന്ന പള്ളി പ്രതിപുരുഷയോഗം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പേരു വന്ന നാലുപേരിൽ (ചേപ്പാട് ആഞ്ഞിലിമൂട്ടിൽ ഫിലിപ്പോസ് കശ്ശീശ, കല്ലുപ്പാറ അടങ്ങപ്പുറത്ത് യൗസേഫ് കശ്ശീശാ, കോട്ടയം എരുത്തിക്കൽ മർക്കോസ് കശ്ശീശാ, മാമലശ്ശേരി കോനാട്ട് അബ്രഹാം മൽപ്പാൻ) ഒരാളെ തെരഞ്ഞെടുക്കുന്നതിന് ചീട്ടിട്ടു. ചേപ്പാട് ഫിലിപ്പോസ് കശ്ശീശാ തെരഞ്ഞെടുക്കപ്പെട്ടു. തൊഴിയൂർ മാർ പീലക്സിനോസ് രണ്ടാമൻ ഫിലിപ്പോസ് മാർ ദിവന്നാസ്യോസ് നാലാമൻ എന്ന പേരിൽ കോട്ടയം ചെറിയ പള്ളിയിൽ വച്ച് 1825 ആഗസ്റ്റ് 27 ന് അദ്ദേഹത്തിന്റെ സ്ഥാനാഭിഷേകം നടത്തി.

പുതുതായി വന്നുചേർന്ന ആംഗ്ലിക്കൻ മിഷനറിമാരുടെ അപക്വമായ പെരുമാറ്റം ചേപ്പാട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ ക്ഷുഭിതനാക്കി. പൂർവ്വികന്മാരായ മെത്രാപ്പോലീത്തമാർ ആരംഭിച്ച നവീകരണ പ്രസ്ഥാനങ്ങൾ നിഷ്ക്രിയമാക്കുന്നതിനും, പ്രോട്ടസ്റ്റന്റ് സ്വാധീനത്തിൽ നിന്ന് മാർത്തോമ്മാ ക്രിസ്ത്യാനികളെ രക്ഷിക്കുന്നതിനുമായി അന്ത്യോക്യ അധികാരം തിരസ്കരിച്ച മെത്രാപ്പോലീത്താ തന്നെ 1836 ലെ മാവേലിക്കര പടിയോല മുഖാന്തിരം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യം അന്ത്യോക്യയ്ക്ക് അടിയറ വെച്ചു. പരദേശമെത്രാൻ യുയാക്കീം മാർ കൂറിലോസിനു വേണ്ടി 1852–ൽ സ്ഥാനത്യാഗം ചെയ്ത ഇദ്ദേഹം 1855 ഒക്ടോബർ 9 ന് കാലം ചെയ്തു. ചേപ്പാട് പള്ളിയിൽ കബറടക്കി.

# ശിമോൻ പത്രോസ് ദൈവരാജ്യത്തിലേക്ക് മനുഷ്യനെ പിടിക്കുന്നവൻ



**കഠിനാദ്ധ്വാനത്തിന്റെ കടൽതീരത്തു നിന്നും മനുഷ്യനെ പിടിക്കാൻ വിളിക്കപ്പെട്ടൊരാൾ.. എന്നിട്ടും തിരിഞ്ഞു നടന്നുപോയതിന്റെ നൊമ്പരം. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്ന് ആഘോഷിച്ചു പറഞ്ഞിട്ടും ഒരു തീകായലിനിടയിൽ ഗുരുവിനെ തള്ളിപ്പറഞ്ഞൊരാൾ.. തിടുക്കപ്പെട്ട പ്രഖ്യാപനങ്ങളും തിരകളിലെ മുങ്ങിപ്പോകലും ജീവിതാനുഭവമായൊരാൾ....അയാൾ ആത്മാവിന്റെ നിറവിൽ അത്ഭുത പ്രസംഗകനായി തിളങ്ങി നിൽക്കുന്നു. ആദിമസഭയുടെ തിളക്കമുള്ള അപ്പോസ്തലനായ പത്രോസ്. നിയോഗിക്കപ്പെട്ടവരുടെ അതിജീവനാടയാളമാണു കേഫാ. തന്റെ തലകീഴായ ക്രൂശ്മരണത്തിൽ ഗുരുവിന്റെ പാദവും ചുംബിച്ച് മടങ്ങുവോളവും വിശ്വസ്തൻ. ബാംഗ്ലൂർ യുണൈറ്റഡ് തിയളോജിക്കൽ കോളേജ് വിദ്യാർത്ഥിയായ ജോമോൻ ജോസഫിന്റെ ധ്യാനം.**

**യേശു അവനോട് : ബർയോനാ ശീമോനേ നീ ഭാഗ്യവാൻ : ജഡരക്തങ്ങൾ അല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്. നീ പത്രോസ് ആകുന്നു.: ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും: പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോട് പറയുന്നു. (മത്താ. 16:17–18)**

പത്രോസ് ശ്ലീഹാ അല്ലെങ്കിൽ ശിമോൻ പത്രോസ് യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്നു. ശിമോൻ പത്രോസിന് കേഫാ എന്നും പേരുണ്ട്. ഈ വാക്കിന്റെ അർത്ഥം പാറ എന്നാണ്. ഈ പേര് യേശുക്രിസ്തു പത്രോസിന് നൽകിയതാണ് (മത്തായി.16:16–20). നാല് സുവിശേഷങ്ങളിലും, അപ്പൊസ്തൊല പ്രവർത്തിയിലും പത്രൊസിന്റെ ജീവിതം പരാമർശിക്കപ്പെടുന്നുണ്ട്. ഇദ്ദേഹം ഗലീലയിൽ നിന്നുമുള്ള ഒരു മുക്കുവനായിരുന്നു. സഹോദരൻ അന്ത്രയോസിന്റെ സാക്ഷ്യമാണ് പത്രൊസിനെ യേശുക്രിസ്തുവിന്റെ അടുക്കലേക്ക് നയിച്ചത് (യോഹ.1:40–41). പത്രൊസിന്റെ വിളിയെക്കുറിച്ച് 4 സുവിശേഷങ്ങൾ 3 തരത്തിലുള്ള വിവരണമാണ് നൽകുന്നത്. ആദ്യമെഴുതിയതായി വിശ്വസിക്കുന്ന മർക്കൊസ് എഴുതിയ സുവിശേഷത്തിൽ യേശുവിന്റെ ശിഷ്യഗണത്തിലേക്ക് ആദ്യം വിളിക്കപ്പെട്ടത് ശീമോൻ പത്രോസാണ് (മർക്കൊസ്.1:16–17). ഈ വിവരണം തന്നെയാണ് മത്തായി എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (മത്തായി.4:18–20). അത്ഭുതകരമായ മീൻപിടുത്തം കണ്ട് യേശുവിന്റെ ദിവ്യത്വം അറിഞ്ഞതിനുശേഷമാണ് ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ പത്രൊസിന്റെ വിളിയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കൊസ്.5:1–11). ഈ മൂന്ന് സുവിശേഷങ്ങളിലും നൽകുന്ന വിളിയുടെ ലക്ഷ്യം ഒന്നാണ്:ദൈവരാജ്യത്തിലേക്ക് മനുഷ്യനെ പിടിക്കുന്നവനാകുക.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ തന്റെ സഹോദരൻ അന്ത്രയാസിന്റെ ക്ഷണപ്രകാരമാണ് പത്രോസ് യേശുവിന്റെ ശിഷ്യനാകുന്നത്. (യോഹ.1:40–42). യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ രണ്ടുവർഷക്കാലം ഗലീലിയിലായിരുന്നു. ആ ഗലീലിക്കാരനായിരുന്നു പത്രൊസും. പനി ബാധിച്ച് കിടപ്പിലായ പത്രൊസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്ന അത്ഭുതം മർക്കൊസ് എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

സമാന്തര സുവിശേഷങ്ങൾ ശിഷ്യന്മാരുടെ പേരുകൾ അവതരിപ്പിക്കുമ്പോൾ പത്രൊസാണ് എപ്പോഴും ഒന്നാമൻ. പത്രൊസ് എപ്പോഴും മുൻപന്തിയിലായിരുന്നു. 'ചോദിക്കുവാനും പറയുവാനുമെല്ലാം മുൻപിൽ'. യേശുവിന്റെ സഹനാനുഭവ പ്രഖ്യാപനങ്ങളിൽ മനംനൊന്ത് ഗുരുവിനെ വേറിട്ട് കൂട്ടികൊണ്ടുപോയി, അരുതേ, നിനക്കങ്ങനെ ഭവിക്കരുതേയെന്ന് വിലപിക്കുകയും ശാസിക്കുകയും ചെയ്യുന്നതും പത്രോസാണ് ( മത്താ. 16.22). ഗലീലയിലെ പ്രവർത്തനങ്ങൾ അവസാനിക്കുമ്പോൾ യേശുക്രിസ്തു ശിഷ്യന്മാരോട് ഒരു ചോദ്യം ചോദിച്ചു. താൻ ആരാണ് എന്നാണ് ജനങ്ങൾ പറയുന്നത്? അവിടെ പത്രൊസാണ് ഉത്തരം നൽകുന്നത്. ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്''. 'എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല' (മർക്കൊസ് 14:29) എന്ന

പത്രോസിന്റെ പ്രഖ്യാപനത്തിന് ഒരു അർത്ഥമേ ഉള്ളു. തന്റെ ഗുരുവിനെ ഒരുനാളും താൻ ഉപേക്ഷിക്കുകയില്ല. എന്നിട്ടും യേശുവിനെ പത്രോസ് മൂന്ന് തവണ തള്ളി പറഞ്ഞു.

യേശു പ്രാർത്ഥിക്കുമ്പോൾ കൂട്ടിരുന്നു പ്രാർത്ഥിക്കാൻ തിരഞ്ഞെടുത്ത മൂന്ന് പേരിലും പത്രോസ് തന്നെയായിരുന്നു മുൻപിൽ. അവിടെയും അദ്ദേഹം ഉറങ്ങി പോകുന്നു. എന്നാൽ പടയാളികൾ യേശുവിനെ പിടിച്ചു കെട്ടുവാൻ തുടങ്ങുമ്പോൾ അദ്ദേഹം ഉണർന്നു പ്രവർത്തിക്കുന്നു. വാൾ എടുത്തു പടയാളിയുടെ ചെവി വിഛേദിച്ചു. അവിടെയും തന്റെ ഗുരുവിന്റെ വാക്കുകളും തന്റെ പ്രവർത്തനവും തമ്മിലുള്ള ഏറ്റകുറച്ചിലുകൾ അദ്ദേഹത്തെ ചിന്തിപ്പിക്കുന്നുണ്ട്. തുടർന്ന്, പ്രധാന പുരോഹിതന്റെ ഭവനത്തിൽ വെച്ച് യേശുവിനെ വിചാരണ ചെയ്യുമ്പോൾ ആ മനുഷ്യനെ താൻ അറിയില്ല എന്ന് പത്രോസ് മൂന്ന് തവണ തള്ളി പറയുന്നു. (മത്തായി.26:69-75).

ക്രൂശിതനായ ക്രിസ്തു ഉയിർത്തെഴുന്നേറ്റപ്പോൾ വിശ്വസിക്കുവാൻ കൂട്ടാക്കാതെ തന്റെ ദൗത്യത്തിൽ നിന്നും ഒളിച്ചോടിയപ്പോൾ യേശുക്രിസ്തു നേരിട്ട് പ്രത്യക്ഷനായി പരിശുദ്ധാത്മാവിനെ പകർന്നു നൽകി. യോഹന്നാൻ എഴുതിയ സുവിശേഷം അവസാന അദ്ധ്യായത്തിൽ പത്രോസിന്റെ തിരിച്ചുവരവ് രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് തവണ സ്നേഹം ഏറ്റുപറഞ്ഞ് ഹൃദയത്തിലെ അവിശ്വസ്തതയുടെ കറ കഴുകി കളയുവാൻ പത്രോസിനു സാധിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്ന ആഴവും മൂർച്ചയുമുള്ള ചോദ്യത്തിന്, കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നു എന്നാണ് മറുപടി. (യോഹ.21:17). നമ്മെ ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യത്തിൽ നിന്നു നാം ഓടി മറയുമ്പോൾ, പത്രോസിന്റെ തിരിച്ചു വരവും സമർപ്പണവും നമ്മെ തിരുത്തുന്നതാകണം. നമ്മുടെ ജീവിതത്തിലെ അവിശ്വസ്തതയുടെ കറ ചില ചോദ്യങ്ങളിലൂടെയും ഉത്തരങ്ങളിലൂടെയും കഴുകി കളയുവാൻ നമ്മൾക്ക് സാധിക്കണം. ഇപ്പോഴും അതേ ചോദ്യം വീണ്ടും വീണ്ടും ഉയരുന്നുണ്ട്, നീ എന്നെ ഇവരിൽ അധികമായി സ്നേഹിക്കുന്നുവോ?

അപ്പൊസ്തൊല പ്രവർത്തികളിൽ ആദ്യത്തെ 12 അദ്ധ്യായം മുഴുവനായി തന്നെ പത്രോസിന്റെ പ്രവർത്തനങ്ങളെയാണ് വിവരിച്ചിരിക്കുന്നത്. അധികാരികളുടെ മുൻപിൽ സാക്ഷ്യം വഹിക്കുവാനും, മരണം പ്രതീക്ഷിച്ച് തടവറയിൽ കഴിയുവാനും തല്ലുകൊള്ളുവാനും അദ്ദേഹം യേശുവിനു വേണ്ടി പ്രവർത്തിച്ചു. തുടർന്ന് വിജാതിയരുടെ അപ്പൊസ്തൊലനായി പൗലൊസ് രംഗ പ്രവേശനം ചെയ്തപ്പോൾ പത്രോസിന് പുതിയനിയമം നൽകുന്ന ഇടം അവസാനിക്കുന്നു (അ.പ്ര.15:1-29). യേശു കഴിഞ്ഞാൽ പുതിയ നിയമത്തിൽ ഏറ്റവും അധികം രേഖപ്പെടുത്തിയിരിക്കുന്നത് പത്രോസിന്റെ പേരാണ്. 163 തവണ. ക്രിസ്തീയ പാരമ്പര്യ വിശ്വാസമനുസരിച്ച് പത്രോസിനെ എ.ഡി.64-എ.ഡി.67 കാലഘട്ടത്തിൽ റോമചക്രവർത്തിയായ നീറോ തലകീഴായി ക്രൂശിൽ തറച്ചു രക്തസാക്ഷിയാക്കി എന്നു വിശ്വസിക്കപ്പെടുന്നു.

1 & 2 പത്രൊസ് എഴുതിയ ലേഖനങ്ങൾ പത്രൊസ് എഴുതിയവയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. മരണത്തിനു മുൻപ് റോമിലെ ആദ്യ ബിഷപ്പ് പത്രൊസ് ആണ് എന്ന് കത്തോലിക്ക സഭ വിശ്വാസികളും അന്ത്യോക്യയിലെ ബിഷപ്പാണ് എന്ന് കിഴക്കൻ ക്രിസ്ത്യൻ പാരമ്പര്യ വിശ്വാസികളും വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് യോന (മത്തായി.16:17) എന്നും യോഹന്നാൻ (യോഹന്നാൻ 21:17) എന്നും രണ്ടു രീതിയിൽ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പത്രൊസിന്റെ ജീവിതത്തിൽ നിന്നും ലഭിക്കുന്ന ഏറ്റവും വലിയ പാഠം ദൈവസ്നേഹത്തിന്റെയും അനുതാപത്തിന്റെയുമാണ്. എത്ര വലിയ തെറ്റിൽ വീണാലും തന്റെ ഗുരുവിനെ കൈവിടുകയില്ല എന്ന് ഉറച്ച് വിശ്വസിച്ചു. തനിക്കാവും വിധം യേശുവിനെ സ്നേഹിച്ചു. ഈ സ്നേഹത്തിനുമേലാണ് യേശു തന്റെ സഭ സ്ഥാപിച്ചത്. ബലഹീനരായ മനുഷ്യരിലൂടെയാണ് ദൈവം ഇന്നും എന്നും പ്രവർത്തിക്കുന്നത്. തന്നെ തള്ളി പറഞ്ഞ പത്രൊസിനെയാണ് യേശു അപ്പൊസ്തൊല സമൂഹത്തിന് തലവനും സഭയുടെ അടിത്തറയുമായി നിശ്ചയിച്ചത്. ഗുരുവിനെ തള്ളി പറഞ്ഞവനും പ്രാർത്ഥനയിൽ ഉറങ്ങിപ്പോയവനുമായ പത്രൊസ് എന്ന ശിഷ്യന് വീണ്ടും വീണ്ടും മടങ്ങി വരുവാൻ പത്രൊസിന് സാധിക്കുന്നുണ്ട്. ദൈവരാജ്യത്തിലേക്ക് അനേകരെ നേടുവാൻ പത്രൊസിന് സാധിച്ചു. തന്റെ ദൗത്യപാതയിൽ തന്റെ ഗുരു കാട്ടിത്തന്ന നല്ല മാതൃകകൾ പിൻപറ്റി മനുഷ്യരെ ദൈവരാജ്യത്തിലേക്ക് നേടുമ്പോൾ പത്രൊസിന് പറയുവാൻ സാധിക്കുന്നുണ്ട് എന്റെ നാഥൻ മരണപ്പെട്ടതുപോലെ രക്തസാക്ഷിയാകുവാൻ എനിക്കു സാധിക്കുകയില്ല എന്നെ എന്റെ ഗുരുവിന്റെ പാദങ്ങൾ ചുംബിച്ച് മരിക്കുവാൻ അനുവദിച്ചാലും.

പഠനം

# ഫിലിപ്യർക്ക് എഴുതിയ ലേഖനം

**സഭാ ചരിത്രത്തിലെ വിസ്മയനീയ നേതാവായ പൗലോസ് തന്റെ കാരാഗൃഹ വാസക്കാലത്ത് ഫിലിപ്യയിലെ വിശ്വാസികൾക്കെഴുതിയ കത്തിന് ഒരാമുഖം നൽകുകയാണ് ബാംഗളൂർ യുണൈറ്റഡ് തിയളോജിക്കൽ കോളേജ് വിദ്യാർത്ഥിയായ**

**അഭിഷേക് ഡാൻ ഉമ്മൻ**



**അ**പ്പൊസ്തൊലനായ പൗലൊസ് യൂറോപ്പിൽ സ്ഥാപിച്ച ഒന്നാമത്തെ സഭയാണ് ഫിലിപ്യസഭ. അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവായ ഫിലിപ്പ് പണിയിച്ചതാണ് ഈ പട്ടണം. ഇവിടെ ഉള്ള പൗലൊസിന്റെ ആരംഭ പ്രവർത്തനത്തെ പ്പറ്റി അപ്പൊസ്തല പ്രവൃത്തികൾ 16:11-40 വരെ യുള്ള ഭാഗത്ത് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അപ്പൊസ്തല പ്രവൃത്തികളുടെ രചയിതാവായ ലൂക്കൊസ് ഈ നഗരത്തെ വിശേഷിപ്പിക്കുന്നത് ''മക്കാദോന്യയുടെ ആ ഭാഗത്തെ ഒരു പ്രധാന പട്ടണവും റോമാക്കാർ കുടിയേറിപ്പാർത്തതും'' ആയ നഗരം എന്നാണ് (അ.പ്ര. 16:12). റോമാ ഭരണകൂടത്തിന് കീഴിൽ ആയിരുന്നതിനാൽ റോമൻ പൗരന്മാർക്ക് ലഭിക്കുന്ന എല്ലാ ആനു കൂല്യങ്ങളും ഈ നഗരവാസികൾക്കും ലഭിച്ചി രുന്നു. യെഹൂദന്മാർക്ക് നിർണ്ണായക സ്വാധീനം ഈ പട്ടണത്തിൽ ഉണ്ടായിരുന്നു എന്ന് വിശ്വസി ക്കപ്പെടുന്നു. യെഹൂദന്മാരോടും യെഹൂദേത രോടും ഒരുപോലെ സുവിശേഷം അറിയിക്കു വാൻ പൗലൊസ് തയ്യാറാകുന്നു.

ഈ ലേഖനം എഴുതപ്പെടാനുള്ള കാരണം പ്രധാനമായും എപ്പഫ്രോദിത്തൊസിനോടുള്ള സ്നേഹ പ്രകടനം ആണ് എന്ന് 2-ാം അദ്ധ്യാ യത്തിൽ മനസ്സിലാക്കാം. പൗലൊസിന്റെ ബുദ്ധി മുട്ടിൽ തന്നെ ശുശ്രൂഷിക്കുവാൻ ഫിലിപ്യ സഭ തങ്ങളുടെ ദൂതനായി എപ്പഫ്രോദിത്തൊസിനെ അയയ്ക്കുന്നു. തടവിൽ സ്നേഹപൂർവ്വം ശുശ്രൂ ഷിക്കുവാൻ എപ്പഫ്രോദിത്തൊസിന് കഴിഞ്ഞു എന്ന് പൗലൊസ് സാക്ഷിക്കുന്നു. ഫിലി.4:15-18 വരെ ഉള്ള ഭാഗത്ത് ഫിലിപ്യ സഭ ഒന്നിലധികം തവണ ധനസഹായം ചെയ്തു. ഈ ധനസഹായ ത്തിന് നന്ദി പറയുക എന്നതും ഈ ലേഖന ത്തിന്റെ ഉദ്ദേശലക്ഷ്യം എന്ന് കരുതപ്പെടാം. കൂടാതെ തിമൊഥെയൊസിനെ ഫിലിപ്യയ്ക്ക് അയയ്ക്കുന്ന വിവരവും (2:19) പൗലൊസ് വീണ്ടും അവരെ സന്ദർശിക്കുന്ന വിവരവും (2:24) ഈ ലേഖ നത്തിലൂടെ ഫിലിപ്യസഭയെ അറിയിക്കുന്നു. ഈ സഭയിൽ ഉണ്ടായ ചില പിണക്കങ്ങളും (2:3, 4) മത്സരങ്ങളും (4:2) ഈ ലേഖനം എഴുതപ്പെടാ നുള്ള കാരണങ്ങളായി കരുതാം. പ്രയാസങ്ങ ളുടേയും പ്രതിസന്ധികളുടേയും നടുവിൽ നിരാ ശിതരാകാതെ കർത്താവിൽ സന്തോഷിക്കുവാ നുള്ള വലിയ പ്രേരണ ഈ ലേഖനം നൽകുന്നുണ്ട്. ക്രിസ്തുവിൽ നീതി ഫലം നിറഞ്ഞവരാകാനും പൗലോസ് പ്രചോദിപ്പിക്കുന്നു. ക്രിസ്തുവിന്റെ ദാസന്മാരായ പൗലോസും തിമൊഥെയോസും ചേർന്നു തയ്യാറാക്കിയ ലേഖനം എന്ന ആമുഖ ത്തോടുകൂടിയാണ് എഴുത്ത് ആരംഭിക്കുന്നത്. ശുശ്രൂഷകളിലെ കൂട്ടുത്തരവാദിത്തത്തെ അത് ധ്വനിപ്പിക്കുന്നുണ്ട്.

ഫിലിപ്യസഭയെപ്പറ്റിയുള്ള പൗലൊസിന്റെ അടങ്ങാത്ത ആഗ്രഹം അവർ ''ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാംവണ്ണം മാത്രം നട ക്കുവിൻ'' (1:27) എന്നുള്ളതാണ്. ക്രിസ്തുവിൽ പുതുതാക്കപ്പെടുവാനും ക്രിസ്തു പങ്കുവച്ച സുവി ശേഷത്തിന് അനുസൃതമായി മാത്രം നടക്കുവാ നും പൗലൊസ് സഭാ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നു. പുറത്ത്നിന്നുള്ള പീഢകൾ കൂടി വരുന്നതായ ആ കാലഘട്ടത്തിൽ വിശ്വാസത്തിൽ കൂടുതൽ ദൃഢമാകുവാനും തമ്മിൽ തമ്മിൽ സ്നേ ഹത്തിൽ സഹവർത്തിക്കുവാനും കഴിയണം. ''എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും'' എന്ന വലിയ പ്രഖ്യാപനവും (1:21) പൗലൊസ് സഭയോട് അറിയിക്കുന്നു.

ഈ ലേഖനം തടവറയിൽ നിന്നാണ് എഴുതു ന്നതെങ്കിലും ഏറെ സ്നേഹവും കരുതലും ഈ ലേഖനത്തിൽ കാണുവാൻ കഴിയും. സന്തോഷി പ്പിൻ, കർത്താവിൽ സന്തോഷിപ്പിൻ എന്ന് വീണ്ടും

വീണ്ടും പൗലൊസ് സഭയെ ഓർമ്മിപ്പിക്കുന്നു. ദൈവവുമായുള്ള ബന്ധത്തിൽ സന്തോഷിക്കുവാനും ലോകപരമായ എല്ലാ വേദനകളും മറക്കുവാനും പൗലൊസിന് കഴിയുന്നു. ക്രിസ്തുവിനെപ്പറ്റിയുള്ള പൗലൊസിന്റെ ദർശനം 2:5-11 വരെ വ്യക്തമായി പ്രതിപാദിക്കുന്നു. ദാസരൂപം എടുത്ത കർത്താവ് ഏറ്റവും താഴ്ത്തി, ക്രൂശിലെ മരണത്തോളം തന്നെ താഴ്ത്തി, അനുസരണമുള്ളവനായി തീർന്നത് സഭയൊന്നാകെ മാതൃകയാക്കണമെന്നാണ് പൗലൊസിന്റെ താൽപര്യം. എല്ലാ നാവും ഒരുപോലെ ''യേശുക്രിസ്തു കർത്താവ്'' എന്ന് ഏറ്റുപറയുന്നത് പൗലൊസ് കാണുന്നു. സ്വയം ശൂന്യവൽക്കരിക്കുന്ന ക്രിസ്തുവിനെ ഉയർത്തി പിടിക്കുക എന്നുള്ളത് തന്നെയാണ് സഭയുടെ പരമപ്രധാനമായ ദൗത്യം എന്ന ഓർമ്മപ്പെടുത്തലാണ് ഈ ഭാഗം.


**ലേഖനത്തിന്റെ ഘടന**

ലേഖനത്തെ വിഷയാവതരണത്തിന്റെ അടിസ്ഥാനത്തിൽ താഴെ കുറിക്കുന്ന രീതിയിൽ വിഭജിക്കാം.

1. 1:1, 2 – അഭിവാദനങ്ങൾ
2. 1:3-7 – സഭയെപ്പറ്റിയുള്ള പൗലൊസിന്റെ സന്തോഷം, നന്ദിപ്രകടനം
3. 1:8-11 – സഭയ്ക്ക് വേണ്ടിയുള്ളതായ പ്രാർത്ഥന
4. 1:12-26 – പൗലൊസിന്റെ തടവിലെ അനുഭവങ്ങൾ (12-14), വ്യത്യസ്ത ആളുകളുടെ വ്യത്യസ്ത സമീപനം (15-18) മരിക്കുന്നതും ജീവിക്കുന്നതും തമ്മിലുള്ള സംഘർഷം (19-26)
5. 1:27-2:18 – ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ ചില ഗുണങ്ങൾ. ധീരത (1:27-30), ഐക്യം (2:1, 2), സൗമ്യത (2:3, 4), മാതൃക : ക്രിസ്തുവിന്റെ സൗമ്യത (2:5-11), രക്ഷയ്ക്കായുള്ള പ്രവർത്തനം, ക്രൈസ്തവരുടെ കടമ (2:12-18)
6. 2:19-30 – പൗലൊസിന്റെ ഭാവി ക്രമീകരണങ്ങൾ, തിമൊഥെയോസിനെയും എപ്പഫ്രൊദിത്തോസിനെയും പറ്റിയുള്ള സന്തോഷ വർത്തമാനം.
7. 3:1-21 – ദുരുപദേശകരെപ്പറ്റിയുള്ള മുന്നറിയിപ്പ് ആണ് ഈ ഭാഗം. യെഹൂദമതാചാരവാദികൾക്ക് എതിരായുള്ള മുന്നറിയിപ്പ് (1-3), പൗലൊസിന്റെ പ്രശംസ (4-6), ക്രിസ്തുവിന് വേണ്ടി സകലവും ചേതമെന്ന് എണ്ണിയ പൗലൊസിന്റെ മാതൃക (7-17), തെറ്റായ പഠിപ്പിക്കലുകൾക്ക് എതിരെ നൽകുന്ന മുന്നറിയിപ്പ് (18-19), ക്രിസ്തുവിന്റെ അനുയായികളുടെ പ്രത്യാശ (20, 21).
8. 4:1-23 – ഒരു മനസ്സോടെ മുന്നോട്ട് പോകാനുള്ള ആഹ്വാനം (1-3), പ്രാർത്ഥനയും ധൈര്യപ്പെടുത്തലും പ്രോത്സാഹനവും (4-9), സഭയിൽ നിന്നും ലഭിച്ച പിന്തുണയ്ക്ക് ഉള്ള കൃതജ്ഞത (10-20), വന്ദനവും ആശീർവാദവും (21-23).

രചനാ സ്ഥലത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. റോം, കൈസര്യ, എഫേസോസ് എന്നിങ്ങനെ മൂന്ന് നിർദ്ദേശങ്ങൾ വേദപണ്ഡിതന്മാർ മുന്നോട്ട് വയ്ക്കുന്നുണ്ട്. പരമ്പരാഗതമായി അംഗീകരിക്കപ്പെട്ടത് റോം എന്നതാണ്. ഓരോന്നിനും അനുകൂലമായും പ്രതികൂലമായും നിരവധി കാരണങ്ങൾ ചർച്ച ചെയ്യപ്പെടാറുണ്ട്. ആധുനിക പണ്ഡിതന്മാരിൽ എഫേസോസ് എന്നതിനോടാണ് ആഭിമുഖ്യം. ഈ ലേഖനത്തിന്റെ ശൈലീഭേദം കാരണം ഇത് ഒരൊറ്റ ലേഖനമല്ലെന്നും മൂന്ന് ലേഖനങ്ങൾ ആണെന്നും അവ പൗലൊസിന്റെ ശ്രേഷ്ഠാനുമതിയോടു കൂടി ഒരുമിപ്പിച്ചതാണെന്നും അഭിപ്രായപ്പെടുന്നവരും ഉണ്ട്.

നാല് അദ്ധ്യായങ്ങൾ മാത്രമുള്ള ഈ ലേഖനത്തിൽ ഏഴ് പ്രാവശ്യം ''സുവിശേഷം'' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (1:5, 1:7, 1:12, 1:27, 2:22, 4:3, 4:15). പൗലൊസ് സുവിശേഷഘോഷണത്തിന് നൽകുന്ന പ്രാധാന്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തന്റെ ജീവിത ദൗത്യം തന്നെ ഈ നല്ല വാർത്ത പങ്ക് വയ്ക്കുക എന്നതാണ് എന്ന് പൗലൊസ് നമുക്ക് മുമ്പിൽ വരച്ച് കാട്ടുന്നു. അവ്വണ്ണം തന്നെ സുവിശേഷ ഘോഷണത്തിനായി നമ്മുടെ ജീവിതങ്ങളും പ്രയോജനകരമാകണം. പ്രതിബന്ധങ്ങളുടെ നടുവിലും ''കർത്താവിൽ എപ്പോഴും സന്തോഷിക്കുവാൻ'' (4:4) നമുക്ക് കഴിയട്ടെ.




# പുസ്തക ആസ്വാദനം

**റവ.ഡോ.മോത്തി വർക്കി**

*"The prophetic tasks of the church are to tell the truth in a society that lives in illusion, grieve in a society that practices denial, and express hope in a society that lives in despair."* ***(Walter Brueggemann)***

**ഭൗ**മോപരിതലത്തിലെ ഏറ്റവും ശക്തനായ മനുഷ്യൻ എന്ന ജീവജാതി കരയിലും വെള്ളത്തിലും ജീവിക്കുന്ന സകല ജീവജാലങ്ങളുടെയും മേൽ ബുദ്ധിയും സംഘടനാപാടവവും ഉപയോഗിച്ച് ആധിപത്യം നേടിയെടുക്കുകയുണ്ടായി എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. അപ്പോഴും വൈറസുകൾ എന്ന് വിശേഷിപ്പിക്കുന്ന അജൈവവസ്തു മനുഷ്യകുലത്തിന് പേടിസ്വപ്നമായി അവശേഷിക്കുകയാണ്. പ്രമുഖ മൈക്രോബയോളജിസ്റ്റും പതോളജിസ്റ്റുമായ റെനെ ഡുബോസ് പ്രവചിച്ചതുപോലെ, "മനുഷ്യന്റെ വിധി ഒരു ചൂതാട്ടമായി തുടരും. കാരണം, ചില പ്രവചനാതീതമായ സമയത്തിലും അപ്രതീക്ഷിതമായ രീതിയിലും പ്രകൃതി തിരിച്ചടിക്കും" (Rene Dubos, 1959). ആവാസ വ്യവസ്ഥയിലെ മനുഷ്യ ഇടപെടലുകളും വൈറസ് വ്യാപനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സമൂഹത്തിന് മുന്നറിവുകളും മുന്നറിയിപ്പുകളും ഉണ്ടായിരുന്നല്ലോ? അങ്ങനെയെങ്കിൽ, നാം ഇന്ന് നേരിടുന്ന മഹാമാരി 'അപ്രതീക്ഷിതവും പ്രവചനാതീതവുമായ തിരിച്ചടിയാണോ?'

അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിയുടെ പുതിയ പുസ്തകം, Church and the New Normal: Ecclesial Imaginations for a New Humanity (2020), കോവിഡിന് മുൻപിൽ പകച്ചു നിൽക്കുന്നവർക്കും അതിനോട് പോരാടുന്നവർക്കുമുള്ള അക്ഷര സാന്ത്വനമാണ്. 'സാന്ത്വനം' എന്നതുകൊണ്ട് കേവലം പാലിയേറ്റീവ് സമീപനമെന്ന് അർത്ഥമാക്കേണ്ടതില്ല. കാരണം, ഈ കൃതിയുടെ പ്രേരക യുക്തി ദൈവാവബോധവും, സാമൂഹികാവബോധവും, ശാസ്ത്രാവബോധവുമാണ്. ഭരണകൂടവും ആരോഗ്യ പ്രവർത്തകരും സന്നദ്ധ സംഘടനകളും ജീവൻ പോലും പണയം വെച്ച് കൊറോണക്കെതിരായി പ്രവർത്തിക്കുമ്പോൾ, സമൂഹത്തിന് ദാർശനികവും പ്രത്യാശാനിർഭരവുമായ ദിശാബോധം നൽകാനുള്ള ബാധ്യത ആചാര്യ ശ്രേഷ്ഠർക്കുണ്ട്. ഈ തിരിച്ചറിവാണ് വിവിധ കാലങ്ങളിലായി എഴുതിയ ലേഖനങ്ങൾ ക്രോഡീകരിച്ചും തിരുത്തിയും കൂടുതൽ പ്രൗഢീകരിച്ചും പ്രസിദ്ധീകരിക്കാൻ പ്രേരണയായതെന്നു കരുതുന്നു. മനുഷ്യന്റെ അതിജീവന പോരാട്ടങ്ങളിൽ പങ്കുചേരുവാനുള്ള ധാർമിക ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിന്റെ പ്രതീകമാണ് ഈ അക്ഷര പ്രതിരോധം.

പുസ്തകത്തിന്റെ പ്രഥമ ആകർഷണം അതിന്റെ തലക്കെട്ടിൽ ഉപയോഗിക്കുന്ന 'ന്യൂ നോർമൽ' ("new normal') അഥവാ 'പുതിയ സാധാരണത/രീതി' എന്ന സങ്കൽപ്പമാണ്. എങ്കിലും, കോവിഡിന് മുൻപ് മനസിലാക്കിയിരുന്ന അർത്ഥത്തിൽ തന്നെയാണ് 'ന്യൂ നോർമൽ' എന്ന സംജ്ഞയെ ഈ പുസ്തകത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് (പുറം, 13,53-58). 2005 ൽ Peter Sandman, and Jody Lanard 'ന്യൂ നോർമൽ' എന്ന പദം ആദ്യമായി അക്കാദമിക് ചർച്ചകളിൽ ഉപയോഗിച്ചു. പ്രതിസന്ധികളുടെ പരിണിത ഫലമായി രൂപപ്പെടുന്ന സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയാണ് 'ന്യൂ നോർമൽ' എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ലോകം ഒരിക്കലും 'നോർമൽ' ആയിരുന്നില്ല എന്നതാണ് യാഥാർഥ്യം. Arundhati Roy ("The pandemic is a portal", 'After the lockdown, we need a reckoning"), Slavoj Žižek (Pandemic!: Covid-19 Shakes the World), Joerg Rieger ("The Ugly truth of a Pandemic and the Logic of Downturn") തുടങ്ങിയവർ 'ന്യൂ നോർമലി'നെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

സഭ (Church, പുറം 49-52,63-73), സാമ്രാജ്യത്വം (Empire, പുറം49-52,63-67), ലിംഗപദവി (Gender, പുറം65-66,109-114), പ്രവാസം/കുടിയേറ്റം (Diaspora, പുറം68-78), സാങ്കേതികവിദ്യ (Digital Technology, പുറം 29-38) തുടങ്ങിയവ പുസ്തകത്തിലെ പ്രധാന പ്രമേയങ്ങളാണ്. മഹാമാരിയുടെ ഇരകൾ ഏറെയും സാമ്രാജ്യത്വത്തിന്റേയും, ലിംഗവിവേചനത്തിന്റെയും, കുടിയേറ്റത്തിന്റെയും, ഡിജിറ്റൽ വിടവിന്റെയും ഇരകളാണെന്നത് പുസ്തകത്തിന്റെ സമകാലിക പ്രസക്തി ഏറെ വർദ്ധിപ്പിക്കുന്നു. മതനേതാക്കളെക്കുറിച്ച് പൊതുവിലുള്ള പരാതി അവരുടെ നിലപാടുകൾ അജ്ഞതയുടെ ആക്രോശങ്ങളാണ് എന്നതാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സകല സുഭിക്ഷതയും സുഖസൗകര്യങ്ങളും ആസ്വദിക്കാൻ മടിയില്ല, പക്ഷേ ചിന്തകളും നിലപാടുകളും ശിലാ യുഗത്തിലേതാണ്. സഞ്ചരിക്കുന്നത് അത്യന്താധുനിക വാഹനങ്ങളിലാണ്, പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും ജന്മിത്ത കാലത്തെ ന്യായങ്ങളും നൈതികതയും. കല്പാന്തകാലത്തെ പഴമ്പുരാണം, പാരമ്പര്യവും ജാതീയതയും സമാസമം ചേർത്ത് വിളമ്പി നൽകി മതഭോജികളെ 'നിർവൃതിയുടെ കൈലാസം' കയറ്റുന്നു. ജീവിക്കുന്ന കാലത്തോടും, അന്തസ്സോടെ ജീവിക്കാനുള്ള അവകാശം

നിഷേധിക്കപ്പെട്ടവരോടും ഇക്കൂട്ടർക്ക് ഒന്നും പറയാനില്ല. ദൈവാവബോധം ഒരർത്ഥത്തിൽ കാലബോധം ആണ്. കാലത്തെ മനസ്സിലാക്കാനുള്ള പ്രാപ്തിയില്ലായ്മ ഒന്നുകിൽ മാറ്റങ്ങളോടുള്ള അന്ധമായ വിരോധത്തിൽ, അല്ലെങ്കിൽ നിരുത്തരവാദിത്തപരമായ വിധേയത്വത്തിൽ അവസാനിക്കുന്നു. വിരോധവും വിധേയത്വവുമല്ല, വിനിമയത്തിനുള്ള (transaction) പ്രാപ്തിയും സന്നദ്ധതയും തുറവിയുമാണ് കാലം ആവശ്യപ്പെടുന്ന നേതൃത്വമുദ്ര. ഈ പുസ്തകം ഇത്തരം മുദ്രകളുടെ സമൃദ്ധമായ ശില്പവിന്യാസമാണ്.

ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിലെ പ്രധാന ഇതിവൃത്തം 'നിർമ്മിത ബുദ്ധിയും' സാങ്കേതിക വിദ്യയുമാണ് (പുറം, 29-38). വളരെ സങ്കീർണ്ണവും നിലപാട് വ്യക്തമാക്കാൻ ഏറെ ബുദ്ധിമുട്ടുള്ളതുമായ രണ്ട് വിഷയങ്ങൾ സഹജമായ ആർജ്ജവത്തോടെ അവതരിപ്പിക്കുന്നുണ്ട്. ഡാറ്റ ദൈവമാകുന്ന സൈബോർഗിയൻ കാലത്തെക്കുറിച്ചുള്ള മുന്നറിയിപ്പു നൽകാൻ പുസ്തകം മറക്കുന്നില്ല (പുറം, 37). എന്നാൽ അവയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തേണ്ടതിന്റെ അനിവാര്യത നിർഭയം വ്യക്തമാക്കുന്നുണ്ടുതാനും (പുറം, 47). യാഥാർത്ഥ്യ ബോധം ഇല്ലാത്ത സമൂഹം മൂഢസ്വർഗ്ഗത്തിലാണ് ജീവിക്കുന്നത്. കാലഹരണപ്പെടുന്ന മതനേതൃത്വത്തിന് ''സഭയെ ഉൽപ്പന്നം ആകാതെ'' സൂക്ഷിക്കാൻ സാധിക്കില്ല (പുറം,45). ഓർമ്മകളെ കാലോചിതമായി വ്യാഖ്യാനിക്കാനും (പുറം,43) വിശ്വാസത്തെ നവീകരിക്കാനും സംരക്ഷിക്കാനും (പുറം, 44-45) ശാസ്ത്ര-സാങ്കേതിക സങ്കേതങ്ങളെ യഥോചിതം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇത് വിശ്വാസ സമൂഹത്തെ കൂടുതൽ മെച്ചപ്പെട്ട സാക്ഷ്യശുശ്രൂഷയ്ക്കായി സജ്ജമാക്കും (പുറം,74-92). സ്വയം നീതികരിക്കാൻ മാത്രം അറിയുന്ന സാമ്രാജ്യത്വ ബോധത്തെയും (പുറം,52), സത്യവിശ്വാസത്തെ വംശീയ/സാംസ്ക്കാരിക ശുദ്ധിയായി അടയാളപ്പെടുത്തുന്ന ആത്മീക ഫാസിസത്തെയും നിരന്തരം സ്വയം പുതുക്കാനുള്ള സന്നദ്ധതകൊണ്ട് പരാജയപ്പെടുത്തുന്ന വിശ്വാസ പ്രക്രീയയാണ് നവീകരണം (പുറം, 93-98). ഈ ജാഗ്രതയാണ് പ്രവാസ സമൂഹങ്ങളെ സഭയായി രൂപപ്പെടുത്തുന്ന വിശ്വാസ മൂലധനം (faith capital) സ്ഥൈര്യവും (പുറം, 68-74).

ദൈവരാജ്യത്തിന് നൽകുന്ന പ്രാധാന്യമാണ് ഈ പുസ്തകത്തിന്റെ മറ്റൊരു പ്രത്യേകത (പുറം,59-67). സാമ്രാജ്യത്വം ഉയർത്തുന്ന മനുഷ്യത്വ വിരുദ്ധവും ദൈവനിഷേധവുമായ വെല്ലുവിളികളോടുള്ള വിശ്വാസ പ്രതികരണമാണ് ദൈവരാജ്യ അനുഭവം. വർത്തമാനകാലത്തു പ്രയോഗിക്കപ്പെടേണ്ടതും യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ പൂർണമാക്കപ്പെടുന്നതുമായ മാനവികതയുടെ രാഷ്ട്രീയമാണിത് (പുറം, 59-62). ''ദൈവരാജ്യത്തെ ബദൽ തെരഞ്ഞെടുപ്പായി'' (''counter choice'' പുറം, 50) വ്യാഖ്യാനിക്കുന്നത് ആദിമസഭയുടെ ജൈവയുക്തിയാണ് (പുറം50, 52,109-114). വിശ്വാസികൾക്ക് ഇതൊരു അലങ്കാരമല്ല, 'ബദൽ അഹങ്കാരവും' ജീവിതരീതിയും പ്രതിരോധ കാല്പനികതയുമാണ്. നാളിതുവരെ അപകർഷതാബോധത്തിൽ കഴിഞ്ഞിരുന്ന വ്യത്യസ്ത ലിംഗപദവിയുള്ളവരെ സമൂഹത്തിന്റെ സജീവ അംഗങ്ങളായി സ്വാഗതം ചെയ്യുന്ന ആതിഥ്യ ആത്മീകതയുടെ (spirituality of hospitality) അടിത്തറ യേശുക്രിസ്തുവിൽ സാധ്യമാകുന്ന ഈ 'ബദൽ അഹന്തയാണ് (പുറം, 63-78, 108-114)'. ആർക്കും ''ദൈവമക്കൾ'' എന്ന അവകാശ പദവിയിൽ നിന്നും തങ്ങളെ പുറത്താക്കാൻ കഴിയില്ല എന്ന ബോധ്യം (''trans-awareness'') ട്രാൻസ്ജെൻഡർ സമൂഹത്തെ അസാധാരണവും വിമോചനാത്മകവുമായ ആത്മാഭിമാനത്തിലേക്ക് നയിക്കും (പുറം, 108-114). മാർത്തോമാ സഭയുടെ നവോദയ പ്രസ്ഥാനങ്ങളുടെ നിലപാടും ഈ പുസ്തകത്തിൽ അവതരിപ്പിക്കുന്നുണ്ട് (പുറം, 63, 65-66).

സഭയെക്കുറിച്ചുള്ള നിർവചനത്തിന് ഈ പുസ്തകം നൽകുന്ന പ്രധാന ശക്തീകരണം, സഭ ''രാജകീയ പൗരോഹിത്യ'' സമൂഹമാണ് എന്നതാണ് (പുറം, 70,74-78,89-92). ഇതൊരു പറഞ്ഞുപഴകിയ പ്രയോഗമല്ല, കാലം ആവശ്യപ്പെടുന്ന അനിവാര്യതയും കാവ്യനീതിയുമാണ്. ''രാജകീയ പൗരോഹിത്യം'' സഭയുടെ നിർവചന ഭൂമികയും ദൗത്യനിർവഹണത്തിന്റെ മുഖമുദ്രയുമാണ്. വിശ്വാസികൾക്ക് മാതൃകകളായി പ്രശസ്ത മേൽപ്പട്ടക്കാരെയും വൈദീകരെയും അവതരിപ്പിക്കുമ്പോൾ കെ. കെ. കുരുവിള സാറിനെ പോലെയൊരു ശ്രദ്ധേയമായ അല്മായ വ്യക്തിത്വത്തെയും അവതരിപ്പിക്കുന്നത് സഭ രാജകീയ പൗരോഹിത്യ സമൂഹമാണെന്ന അവിഭജിത ബോധ്യത്തിലാണ് (പുറം, 83). സഭ അതിന്റെ ഉണ്മയെ പരിഹസിക്കുന്ന വിധത്തിൽ 'കുപ്പായവൽക്കരിക്ക'പ്പെടുമ്പോൾ, രാജകീയ പൗരോഹിത്യം സഭയുടെ വീണ്ടെടുപ്പിനായുള്ള പ്രവാചക ശംഖൊലിയാണ്. ഈ നിലപാട് തന്നെയാണ് ലിറ്റർജി സംബന്ധിച്ച നിരീക്ഷണങ്ങളിലും സ്വീകരിച്ചിരിക്കുന്നത് (പുറം, 94-95). ലിറ്റർജി, സഭയുടെ അനുദിനം രൂപപ്പെടുന്ന തനിമയെയും സ്വത്വത്തെയും ദുരഭിമാനമായും താൻപോരിമയായും ഊതിവീർപ്പിക്കാനുള്ള ആയുധമൊ, ഇതര ക്രിസ്തീയ വിശ്വാസധാരകളെ പരിഹസിക്കാനുള്ള വാറോലയോ അല്ല. പ്രത്യുത, വിശ്വാസ ചരിത്രത്തിന്റെയും ദൈവീക രക്ഷിക പദ്ധതിയുടെയും അനന്യമായ അക്ഷര ആവിഷ്ക്കാരമാണ്. കോവിഡ് മഹാമാരി അനിവാര്യമാക്കുന്ന 'പുതിയ രീതികളെ' ('ന്യൂ നോർമൽ') വിശ്വാസപരമായും ദൗത്യപരമായും വായിക്കാൻ ഈ പുസ്തകം സഹായിക്കുമെന്ന് നിസ്സംശയം പ്രതീക്ഷിക്കുന്നു.

# വാർത്തകളും അറിയിപ്പുകളും

**ലോക്ക് ഡൗൺ മത്സരങ്ങൾ:** മാർത്തോമ്മാ യുവജനസഖ്യം റാന്നി-നിലയ്ക്കൽ ഭദ്രാസനം പ്രതിഭാവേദി സബ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ലോക്ക് ഡൗൺ മത്സരങ്ങൾ നടത്തപ്പെട്ടു. 2020 ഏപ്രിൽ മാസം 12, 13 തീയതികളിൽ ഭദ്രാസനത്തിലെ 13-35 വരെ പ്രായമുള്ളവർക്കായി ആണ് മത്സരങ്ങൾ നടത്തപ്പെട്ടത്. ധാരാളം യുവജനങ്ങൾ രജിസ്റ്റർ ചെയ്യുകയും മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു. മെയ് 19-23 വരെയുള്ള തീയതികളിൽ രണ്ടാം ഘട്ടം മത്സരങ്ങളും നടത്തപ്പെട്ടു. റാന്നി-നിലയ്ക്കൽ യുവജനസഖ്യാംഗങ്ങൾക്കായി പുതുമയാർന്ന വിഷയാവതരണത്തിലൂടെയുള്ള രചനാ മത്സരങ്ങൾ ആണ് നടത്തപ്പെട്ടത്. മത്സരത്തിനുള്ള വിഷയങ്ങളും നിർദ്ദേശങ്ങളും അതാത് ദിവസങ്ങളിൽ സോഷ്യൽ മീഡിയയിൽ കൂടി നൽകി. ശ്രീ. ജോബിൻ സി. വത്സൻ കൺവീനറായി പ്രവർത്തിച്ചു.

**നേതൃസംഗമം:** യുവജനസഖ്യം ശാഖാ, സെന്റർ ചുമതലക്കാർക്കായി ഒരു നേതൃസംഗമം 'ലീഡ് ദി ലീഡേഴ്സ്' എന്ന പേരിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ബഹു. സിബിൻ ഡി. വർഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ 2020 മെയ് 12-ാം തീയതി നടത്തപ്പെട്ടു. ഭദ്രാസന മുൻ വൈസ് പ്രസിഡന്റ് റവ. സാൻജോ പി. വർഗീസ് മുഖ്യസന്ദേശം നൽകി. ശാഖാ സെന്റർ ചുമതലക്കാർ പങ്കെടുത്തു.

**ഞാനും ഒരുനാൾ അമ്മയെപ്പോലെ:** ഭദ്രാസനയുവജനസഖ്യം വനിതാഫോറം സബ് കമ്മറ്റിയുടെ നേതൃത്വത്തിൽ മാതൃദിനത്തോടനുബന്ധിച്ച് ഒരു ഫോട്ടോ റീ ക്രിയേഷൻമത്സരം 'ഞാനും ഒരുനാൾ അമ്മയെപ്പോലെ' എന്ന പേരിൽ ഇൻസ്റ്റാഗ്രാം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. എല്ലാ യുവജനസഖ്യാംഗങ്ങൾക്കും പങ്കെടുക്കാവുന്ന രീതിയിൽ ആണ് മത്സരം ക്രമീകരിച്ചത്. മികച്ച പുനരാവിഷ്കരണത്തിനും കൂടുതൽ ലൈക്കുകൾ ഉള്ള പോസ്റ്റിനും ആണ് സമ്മാനങ്ങൾ വിതരണം ചെയ്തത്. മിസ്സ് ആഷാ ജോസ് കൺവീനറായി പ്രവർത്തിച്ചു.

**എന്റെ സഖ്യം :** കോവിഡ് - 19 വ്യാപനത്താൽ ഒരുമിച്ചുള്ള കൂട്ടായ്മകൾ നഷ്ടമായ സാഹചര്യത്തിൽ ഭദ്രാസന യുവജനസഖ്യം 'എന്റെ സഖ്യം' പദ്ധതി നടപ്പിലാക്കി. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് ശാഖാ മീറ്റിംഗുകൾ നടത്തുവാനും ശാഖാ യുവജനസഖ്യം ചുമതലക്കാർ ഇടവകയിൽ ഒറ്റപ്പെട്ടു കഴിയുന്നവരെയും മുതിർന്ന അംഗങ്ങളെയും ഫോണിൽ ബന്ധപ്പെട്ട് സ്നേഹസൗഹൃദങ്ങൾ നിലനിർത്തുവാനും, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിന് സമയം ചിലവഴിക്കാനും സഖ്യം അംഗങ്ങളെ ആഹ്വാനം ചെയ്തു.

**രക്ത ദാന സേന:** കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ ബ്ലഡിന്റെ ലഭ്യത കുറവുള്ളതിനാൽ ബ്ലഡ് ബാങ്കുകൾ ഫിൽ ചെയ്യുവാൻ ശാഖകളെ തയ്യാറാക്കി. അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടുവാൻ ഗൂഗിൾ ഫോം ഫിൽ ചെയ്യുവാൻ ശാഖാ അംഗങ്ങളോട് ആവശ്യപ്പെട്ടു.

**യൂത്ത് മീറ്റ് :** മാർത്തോമ്മാ യുവജനസഖ്യം റാന്നി-നിലയ്ക്കൽ ഭദ്രാസനം സ്റ്റഡി ഫോറം സബ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2020 മെയ് 29-ാം തീയതി 8 മണിക്ക് ഭദ്രാസന യുവജനസഖ്യാംഗങ്ങളുടെ ഒരു കൂടിവരവ്, '**യൂത്ത് മീറ്റ്**' നടത്തപ്പെട്ടു. ആദ്യം രജിസ്റ്റർ ചെയ്ത 100 പേർക്ക് ആണ് മീറ്റിംഗ് നടത്തപ്പെട്ടത്. 'വിശ്വാസത്തോടെ ചെങ്കടൽ കടന്ന്' എന്ന വിഷയത്തെ ആധാരമാക്കി മുംബൈ ഭദ്രാസനത്തിലെ യൂത്ത് ചാപ്ലെയിൻ ബഹു.മാത്യൂസ് ജോർജ്ജ് അച്ചൻ മുഖ്യപ്രഭാഷണം നടത്തി. ഭദ്രാസനത്തിലെ പട്ടക്കാരും യുവജനസഖ്യാംഗങ്ങളും പങ്കെടുത്തു. ഭദ്രാസന സെക്രട്ടറി ശ്രീ. ജോയൽ മാത്യു തോമസ് സ്വാഗതം ആശംസിച്ചു. ഭദ്രാസന വൈസ് പ്രസിഡന്റ് റവ.സിബിൻ ഡി. വർഗീസ് അച്ചൻ അദ്ധ്യക്ഷപ്രസംഗം നടത്തി. യൂത്ത് മീറ്റ് കൺവീനർ ശ്രീ. സോനു ജോർജ്ജ് തോമസ് നന്ദി പ്രകാശിപ്പിച്ചു.

**സഫ്രഗനോടൊപ്പം ഒരു സായാഹ്നം** :

ഭദ്രാസനയുവജനസഖ്യത്തിന്റെ അഭിമുഖ്യത്തിൽ ഓഗസ്റ്റ് 10 തിങ്കളാഴ്ച 06:30 നു 'സഫ്രഗനോടൊപ്പം ഒരു സായാഹ്നം' എന്ന ഓൺലൈൻ കൂട്ടായ്മ നടത്തപ്പെട്ടു. Freedom Struggle and the pandemic എന്ന വിഷയത്തിൽ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയോഡോഷ്യസ് സഫ്രഗൻ മെത്രപ്പൊലീത്ത മുഖ്യ സന്ദേശം നൽകി.

സഭയുടെ സഫ്രഗൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട തിരുമേനിക്ക് ആശംസകളും അറിയിച്ചു.

**വികസന സെമിനാർ** : ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട കെ.വി.കെ.യുടെ സഹകരണത്തിൽ ഒരു വികസന സെമിനാർ കെ.ഓ.ഏ.എം.ഹാളിൽ നടന്നു. ഭദ്രാസനാദ്ധ്യക്ഷൻ തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. തെള്ളിയൂർ കൃഷി വിജ്ഞാന കേന്ദ്രം സൈന്റിസ്റ്റ് ഡോ.സി.പി.റോബർട്ട്, ഡോ.ഷാനാ ഹർഷൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**പ്രവാസി കൂട്ടായ്മ:** കോവിഡ് – 19 ന്റെ സാഹചര്യത്തിൽ കേരളത്തിനു പുറത്തും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള പ്രിയപ്പെട്ട സ്നേഹിതർക്കായി ഒരു കൂട്ടായ്മ, 'നിങ്ങൾ അകലെയല്ല ഞങ്ങൾ അരികെ ഉണ്ട്', ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 31 ന് നടത്തപ്പെട്ടു. റവ. ഷോജി വർഗീസ് സന്ദേശം നൽകി. പ്രവാസി കൂട്ടായ്മയുടെ രണ്ടാമത്തെ മീറ്റിംഗ് ജൂൺ 12–ാം തീയതി ഇന്ത്യൻ സമയം 6.30 ന് നടത്തപ്പെട്ടു. റവ.ഡോ. ജോ ജോസഫ് കുരുവിള, ഡയറക്ടർ ടി.എം. എ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിങ്ങ് അമലഗിരി നേതൃത്വം നൽകി.

**എന്ന് സ്വന്തം:** ഭദ്രാസന യുവജനസഖ്യം പ്രതിഭാവേദി സബ്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വായനാവാരത്തോടനുബന്ധിച്ച് 'എന്ന് സ്വന്തം' എന്ന ലെറ്റർ റൈറ്റിങ്ങ് നടത്തപ്പെട്ടു. തങ്ങളുടെ പ്രിയപ്പെട്ട ഒരു കഥാപാത്രത്തിന് 100 വാക്കുകളിൽ കവിയാതെ ഒരു കത്തെഴുതുക എന്നതായിരുന്നു മത്സരം.

**സാരഥി:** ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഭദ്രാസനത്തിലെ ഓട്ടോ, ടാക്സി സഹോദരങ്ങൾക്ക് വേണ്ടി 'സാരഥി' (SARATHI- Sakhyam's Assitance for Rickshaw And Taxi drivers to maintain Hygiene and Isolation). എന്ന പദ്ധതി ക്രമീകരിക്കപ്പെട്ടു. ആദ്യ ഘട്ടമായി ഭദ്രാസനത്തിലെ ഇടവക അംഗങ്ങൾ ആയ ഓട്ടോറിക്ഷക്കാർക്ക് ഡ്രൈവറെയും, യാത്രക്കാരേയും വേർതിരിക്കുന്ന സേഫ്റ്റി ഷീൽഡ് ചെയ്തു കൊടുത്തു. റാന്നി ടി.എം.എ.എം അരമനയിൽ വച്ചു അഭി.ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്ത വിതരണോദ്ഘാടനം നിർവ്വഹിച്ചു.

**കട്ടച്ചിറ മോറിയ:** കട്ടച്ചിറ മോറിയ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസാധനങ്ങളുടേയും പഠനോപകരണങ്ങളുടേയും വിതരണം ജൂലൈ 28 നു നടത്തപ്പെട്ടു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പൊലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. കോവിഡ് രോഗവ്യാപന പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള ഓൺ ലൈൻ പരിപാടികളും സംഘടിപ്പിക്കപ്പെട്ടു.

**പ്രവർത്തനോദ്ഘാടനം:** ഭദ്രാസന സന്നദ്ധ സുവിശേഷക സംഘം പ്രവർത്തനങ്ങളുടെ ഉദ്ഘാടന സമ്മേളനം ഓൺലൈൻ കൂട്ടായ്മയിലൂടെ നടത്തപ്പെടു. അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പൊലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. ജോർജ്ജ് ചെറിയാൻ, തിരുവല്ല, മുഖ്യസന്ദേശം നൽകി. റവ. പ്രതീഷ് ജോസഫ്, സാം മാത്യു എന്നിവർ നേതൃത്വം നൽകി.

**സേവികാസംഘദിന സമ്മേളനം**

മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ പ്രവർത്തനവാരാഘോഷങ്ങളുടെ ഭാഗമായി സംഘദിന സമ്മേളനം ഓൺ ലൈൻ ആയി നടത്തപ്പെട്ടു. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പൊലീത്താ മുഖ്യ സന്ദേശം നൽകി.

**കർഷക സെമിനാർ**

മാർത്തോമ്മാ സഭ റാന്നി–നിലയ്ക്കൽ ഭദ്രാസന വികസനസംഘത്തിന്റെ നേതൃത്വത്തിൽ കർഷകർക്ക് തേനീച്ചപ്പെട്ടികൾ നൽകുന്നതിന്റെ വിതരണോദ്ഘാടനം ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പൊലീത്താ നിർവ്വഹിച്ചു. റവ.ഏബ്രഹാം തോമസ്, സി.എം. ഏബ്രഹാം അയിരൂർ എന്നിവർ ക്ലാസ്സെടുത്തു.

അറിവ്

## മാമോദീസ (സ്നാപനം)

**മാ**മോദീസയും വിശുദ്ധ കുർബ്ബാനയും കർത്താവ് നേരിട്ട് ആജ്ഞാപിച്ച കൂദാശകൾ ആയതുകൊണ്ട് എല്ലാ സഭകളും ആ ആജ്ഞ ശിരസ്സാ വഹിക്കുന്നു. അതിനാൽ ഇവ കർത്തൃനിയോഗ കൂദാശകൾ (Dominical Sacrements) എന്ന് അറിയപ്പെടുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയോടും മരണത്തോടും ഉയിർപ്പിനോടും അടിസ്ഥാനപ്പെട്ട കൂദാശയാണ് മാമോദീസ. ക്രിസ്തുവിനോടുകൂടെ പാപത്തിന് മരിക്കയും അവനോടുകൂടെ ഉയിർക്കുകയും തന്റെ തിരുശരീരമാകുന്ന സഭയോടു സംയോജിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ പ്രതീകമാണ് സ്നാപന ശുശ്രൂഷ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നടത്തുന്ന ഈ കൂദാശ ദൈവത്തിന്റെ ദാനമാണ്. ഈ ശുശ്രൂഷയിലൂടെ ദൈവവും തന്റെ ജനങ്ങളും തമ്മിൽ പുതിയൊരു ഉടമ്പടിബന്ധത്തിൽ പ്രവേശിക്കുന്നു.

# Kids' Corner

## BIBLE TRIVIA

**Rev. Thomas Rinu Varghese, Puthenpeedika St.Thomas**

1. The world's smallest Bible can fit on the tip of a pen. Scientists etched the 1.2 million letters of the Old Testament on a tiny silicone disk, which they call the Nano Bible."
2. The last word in the Bible is Amen.
3. Seven people committed suicide in the Bible.
4. Ehud was the 1st left handed man in the Bible (Judg 3:15).
5. Jubal invented the harp and flute (Gen 4:21).
6. There was a lady named Noah (Josh 17:3).
7. Zimri was the shortest reigning king at 7 days (1 Kin 16:15).
8. There was a man with 6 fingers and 6 toes (2 Sam 21:20).
9. God is not mentioned in the book of Esther.
10. Sarah is the only woman mentioned as laughing in the Bible (Gen 18:12-13).

## KNOW OUR CHURCH



**The Malankara Mar Thoma Syrian Church:** The Malankara Mar Thoma Syrian Church, often shortened to Mar Thoma Church, and known also as the Reformed Syrian Church and the Mar Thoma Syrian Church of Malabar. It is an autonomous Reformed Oriental church based in Kerala, India. While continuing many of the Syriac high church practices, the church is reformed in its theology and doctrines. It employs a reformed variant of the West Syriac Rite Divine Liturgy of Saint James, translated to Malayalam.

The Mar Thoma Church sees itself as continuation of the Saint Thomas Christians, a community traditionally believed to have been founded in the first century by Thomas the Apostle, who is known as Mar Thoma (Saint Thomas) in Syriac, and describes itself as "Apostolic in origin, Universal in nature, Biblical in faith, Evangelical in principle, Ecumenical in outlook, Oriental in worship, Democratic in function, and Episcopal in character". *(*wikipedia)*

**സജീവസേവനത്തിൽ നിന്നും വിരമിച്ച റാന്നി–നിലയ്ക്കൽ ഭദ്രാസനത്തിൽ ഉൾപ്പെട്ട വൈദികർ**

| | |
|---|---|
| റവ. തോമസ് ജോർജ്ജ് | അയിരൂർ കർമ്മേൽ |
| റവ. മാത്യു സ്കറിയാ | കുമ്പളാംപൊയ്ക ശാലേം |
| റവ. ടി. സി. ചെറിയാൻ | കുമ്പളാംപൊയ്ക ശാലേം |
| റവ. ഡോ. ജോർജ്ജ് മാത്യു | കല്ലേലി സെന്റ് തോമസ് |
| റവ. ഈ. ജോൺ മാത്യു | മുതുപേഴുങ്കൽ സെന്റ് തോമസ് |
| റവ. റോയ് മാത്യു | കനകപ്പലം യരുശലേം |
| റവ. പി. എസ്. തോമസ് | നാരങ്ങാനം സെന്റ് തോമസ് |
| റവ. എം. സി. മാത്യു | പഴവങ്ങാടിക്കര ഇമ്മാനുവേൽ |

**സജീവസേവനത്തിൽ നിന്നും വിരമിച്ച ഭദ്രാസന സുവിശേഷകൻ**

ശ്രീ. കുര്യൻ തോമസ് തടിയൂർ

**2020 ജൂൺ 15 മുതൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ വികാരിമാരായി ചുമതലയിൽ പ്രവേശിച്ച വൈദികർ**

| | |
|---|---|
| റവ. സണ്ണി തോമസ് | മന്ദമരുതി ബഥേൽ |
| റവ. ജോൺ കുരുവിള | ഇടമുറി എബനേസർ |
| റവ. ചാക്കോ പി ജോർജ്ജ് | കൊച്ചുകോയിക്കൽ ട്രിനിറ്റി |
| റവ. ജോൺ ഈശോ | വല്യയന്തി യെരുശലേം |
| റവ. ഷാനു വി. ഏബ്രഹാം | മല്ലശ്ശേരി ബേത്‌ലഹേം |
| റവ. ജോസ് വർഗീസ് | കുമ്പളാംപൊയ്ക ശാലേം |
| റവ. കൊച്ചുമോൻ സി. കെ. | കോന്നി ഇമ്മാനുവേൽ |
| റവ. ഏബ്രഹാം പി. മാത്യു | കളമ്പാല ഇമ്മാനുവേൽ |
| റവ. ഏ. ഏബ്രഹാം | നാറാണമ്മൂഴി നിലയ്ക്കൽ |
| റവ. ജെസിൻ ടോം മാത്യു | കട്ടിക്കല്ലരുവി സെന്റ് പോൾസ് |
| റവ. കുര്യൻ ജോസ് | കരികുളം സെന്റ് ജോൺസ് |

**ഈ ഭദ്രാസനത്തിൽ നിന്നും സ്ഥലംമാറിയ വൈദികർ**

| | |
|---|---|
| റവ. ടി. പി. മാത്യു | റവ. സിജു ജേക്കബ്, |
| റവ. ജോൺ വി. ശാമുവേൽ | റവ. ഡെന്നി ഫിലിപ്പ് |
| റവ. മാത്യു മത്തായി | റവ. ഫിലിപ്പ് പി. മാത്യു |
| റവ. സുബി മാത്യു മേടയിൽ | |

**ഏവരുടേയും ധന്യമായ ശുശ്രൂഷകളെ സ്മരിക്കുന്നു. ഭാവുകൾ നേരുന്നു**

# ഫുഡ് കിറ്റ് & പഠനോപകരണ വിതരണം



കട്ടച്ചിറ സി.ഡി.സി





കുരുമ്പൻമൂഴി മാർത്തോമ്മാ സി.ഡി.സി.



ചിൽഡ്രൻസ് ഹോം, താവളപ്പാറ



പ്രതീക്ഷാ സി.ഡി.സി.കൊക്കാത്തോട്




ലൈറ്റ് റ്റു ലൈഫ് പ്രൊജക്ട്




കൊക്കാത്തോട് മിഷൻ – ടി.വി.വിതരണം





ഓണാഘോഷവും ഓണക്കിറ്റ് വിതരണവും



കോവിഡ് പ്രൊട്ടക്ഷൻ ഷീൽഡ് വിതരണം



ഓണാഘോഷം – നവജീവകേന്ദ്രം, മലയാലപ്പുഴ



വികസന സെമിനാർ



ക്നാനായ സഭ സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേമിന് അനുമോദനം– ഉദ്ഘാടനം




വിഷരഹിത അരി വിതരണം



സ്വാതന്ത്ര്യദിനാഘോഷം – റാന്നി മാർത്തോമ്മാ സെന്റർ



കർഷക സെമിനാർ

## സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിക്ക് സ്വാഗതം







ശ്രീ. രാജു ഏബ്രഹാം എം. എൽ. എ. തിരുമേനിയോടൊപ്പം



മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തിരുമേനിയോടൊപ്പം



ഭദ്രാസന ഓഫീസ് ഭാരവാഹികളും കൗൺസിൽ അംഗങ്ങളും







കുളമാൻകുഴി സെന്റ് ആൻഡ്രൂസ് ഇടവക പാഴ്സനേജ് കൂദാശ

Manager, Bhadrasana Dhwani
TMAM Mar Thoma Centre
Mandiram P.O., Ranni 689 672
bhadrasanadhwani@gmail.com